ശ്രീകൃഷ്ണവിലാസം ഗ്രന്ഥ...
മലയിൽകീഴ്. 8. ഡ. H


# വിദ്യാഭിവർദ്ധിനി.

"വിദ്യാധനം സർവ്വധനാൽ പ്രധാനം."

പു: 15. { 110 കന്നി } ലക്കം 7


## തിരുനാൾ മംഗളാശംസ.

കാരുണ്യത്തോടു തൻപ്രജാവലികളെ-
പ്പാലിച്ചു സന്തുഷ്ടനായ്
താരുണ്യസ്ഥിതിതന്നിൽ വാണരുളിടും
ചിത്രർക്ഷജക്ഷോണിപൻ
ചാരുശ്രീ മഹനീയവഞ്ചിധരണീ-
രക്ഷാവിശേഷത്തിനാൽ
ചേരും പുണ്യവിപാകമാന്നു സുചിരം
ഭൂമൌ ലസിക്കട്ടെ മേൽ.

"വിദ്യാഭിവർദ്ധിനി".

നാടാണായതനം, ജനങ്ങളഖിലം തന്മക്കളാണായവ-
ക്കായാതംസുഖദുഃഖവും,തനതി,ദംബോധിച്ചുവേണ്ടുംവിധം
ക്ഷോണീപാലകധർമ്മമെള്ളിടപിഴച്ചീടാതനുഷ്ഠിച്ചിടും
ശ്രീചിത്രർക്ഷജഭൂമിപാഗ്രണിമുദാനീണാൾജയിയ്ക്കണമേ

വിദ്വാൻ, കെ. നീലകണ്ഠൻ, കോടനാട്ട്.

തീരാതാരോപുതപ്പിച്ചൊരു കനകകലസ-
ച്ചേലവാരിപ്പിടിച്ചു-
ണ്ടാരാൽബാലാർക്കനിക്കേരളമഹിമപരം
നോക്കിട്ടുംനാളിലൊക്കെ,
നേരായ്ചിത്രോത്സവപ്പൂംപുകളൊളിയിൽ ദിഗ-
ന്തങ്ങളന്തംവിനാ സൽ-
പ്പേരാളുംമട്ടുശോഭിപ്പൊരുനിലയിതുപോ-
ലേറെയായ്ക്കണ്ടിടട്ടേ.

വിദ്വാൻ, കുറുമള്ളൂർ, നാരായണപിള്ള ക് ടങ്ങൂർ.

ഭാരതാവനിപാലകാമലമൗലിരത്നവിഭൂഷണം
പൂരിതാഖിലഭൂമിപാലനമൂലമന്ത്രവിചക്ഷണം
സാരസാക്ഷപദാംബുജദ്വയഭക്തനിത്തിരുവഞ്ചിഭൂ-
ഭാരമോടുചിരംലസിക്കുക ചിത്രതാരകധാത്രിപൻ.

ഇലകമൺ, പി. രാഘവക്കുറുപ്പ്.

പാരാവാരഗഭീരനായി വിളയാ-
ടീടുന്നചിത്രർക്ഷജൻ
സാരാസാരവിവേകമോടുധരണീ-
ഭാരംനടത്തിച്ചിരം
പേരാളുംപടിവാണുകാണണമതി
ന്നീയുള്ളവക്കാഗ്രഹം
പാരാതായതിനേകുകാശുവരമെൻ
ശ്രീപത്മനാഭപ്രഭോ.

കെ. കെ.

ക്ഷാമംകൂടാതമട്ടിൽപ്പലപുതിയപരി-
ഷ്കാരമാർഗ്ഗേണനാട്ടിൽ
ക്ഷേമം പൂർത്തീകരിച്ചും പുകളൊടുസുചിരം
"വഞ്ചിരാജ്യം" ഭരിപ്പാൻ
ശ്രീമാനി"ച്ചിത്രജാത" ക്ഷിതിപതി സുകൃതി-
യ്ക്കായുരാരോഗ്യസൌഖ്യം
ഭാമാകാന്തൻ പ്രമോദാലരുളിയനുദിനം
മംഗളം നല്കിടട്ടേ!

(ആർ.)

പൂമാതിൻകമനീയകാന്തി ചിതറീ-
ടുന്നോരപാംഗാമൃതം
സാമോദം നുകരുന്ന രമ്യതനുവീ-
ശ്രീചൈത്രനക്ഷത്രജൻ
സീമാതീതഗുണൗഘമാർന്നു നെടുനാ-
ളേവം ഭരിച്ചീടുവാൻ
ഭാമാവല്ലഭ! പോററിടേണമതിനായ്
പ്രാർത്ഥിച്ചിടുന്നന്വഹം.

പറവൂർ, പി. ഗോവിന്ദപ്പിള്ള.

താരിൽത്തന്വീമണാളൻ കനിവിനൊടരുളും
പൂർണ്ണകാരുണ്യഭാരാ-
ലാരും ശംസിക്കുമാറങ്ങവികലയശസാ
വാണിടും തമ്പുരാനെ
താവും മോദംകലർന്നിപ്രജകളെയിനിയും
നിത്യവും പാലനം ചെ-
യ്തേവം വാണീടുവാനായ് ഫണിപതിശയനൻ
കാത്തുരക്ഷിച്ചിടേണം.

കെ. എൻ. മാധവൻപിള്ളശാസ്ത്രി, പറവൂർ.

ചേരും യൌവനഭാഗ്യലക്ഷ്മിയുദിതാ-
നന്ദം മഹീപാലനിൽ
ഭൂരിശ്രീ ഇരുപത്തിരണ്ടുകലതാൻ
തിങ്കൾകലാനാഥനിൽ
സ്ഫാരത്തായിവയോമിഷേണധിഷണാ-
ശാസ്ത്രാർത്ഥസാരം വഹി-
ച്ചാരാൽ വഞ്ചിവസുന്ധരയ്ക്കു പുളകം
ചേർക്കുന്നു ചിത്രർക്ഷജൻ.

സുരുചിരമൊടുപൊന്നുതമ്പുരാൻ ചി-
ത്തിരതിരുനാൾ തിരുമേനിയെന്നുമെന്നും
ശുഭമൊടുളവി, വഞ്ചിഭാഗധേയ-
ത്തിനുനെടുനായകമായ് വിളങ്ങിടേണം.

സി. ജി. എൻ. നമ്പൂതിരി, തൃക്കാരിയൂർ.

# പ്രാചീനകാലത്തിലെ ചില മഹാപുരുഷന്മാർ.

## ൧. ക്കൂഫൂ.

(ഞാൻ പഠിച്ചപോലെ—ഒരു വിദ്യാർത്ഥി.)

[ക്രിസ്താബ്ദത്തിന്ന് മുവ്വായിരം സംവത്സരങ്ങൾക്കു മുമ്പാണ് ഈജിപ്തിൽ ക്കൂഫൂചക്രവർത്തി ജീവിച്ചിരുന്നതു്. അദ്ദേഹത്തിൻെറ കാലത്തു നിർമ്മിച്ചിട്ടുള്ളതായ മഹാകുടീരം—ഗ്രൈറ്റ്പിറമിഡ് ഇന്നും അതേമാതിരിയിൽത്തന്നെ അവിടെ കാണപ്പെടുന്നുണ്ട്. ലോകത്തിലെ അത്യുന്നതസൌധങ്ങളിൽ അത്യുന്നതിയെ അഭിനയിക്കുന്ന സെൻറ്പാൾകത്തീഡറിനെക്കാൾ ഈ കുടീരത്തിന്ന് ഒരുനൂററിരുപതടി ഉയരം കൂടും.]

അനേകായിരം സംവത്സരങ്ങൾക്കുമുമ്പെ ഈജിപ്ത്ദേശത്തിൽ ക്കൂഫൂ എന്നു പേരായി ഒരു രാജകുമാരൻ ജീവിച്ചിരുന്നു. നീലനദിയുടെ തീരത്തിലുള്ള മെംഫിസ്സ് എന്ന പട്ടണത്തിൽ ആയിരുന്നു ക്കൂഫൂവിൻെറ രാജഗൃഹം.

കൊല്ലന്തോറും നീലനദിയിൽ വെള്ളപ്പൊക്കമുണ്ടാക പതിവാണ്. ജൂലായിമുതൽ സെപ്തംബർമാസംവരെ കരകവിഞ്ഞു ഒഴുകിക്കൊണ്ടിരിക്കും. ഇക്കാലങ്ങളിൽ ബോട്ടുവഴി മാത്രമേ ആ മഹാനദിയെ തരണംചെയ്യാൻ സാധിക്കുകയുള്ളൂ. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ക്കൂഫൂവിന്ന് വളരെ സന്തോഷമാണ്. വെള്ളം വാൻകഴിഞ്ഞാൽ തീരസ്ഥലങ്ങളിലെല്ലാം ധാരാളമായി എക്കൽ (ചെളി) അടിഞ്ഞുകിടക്കും. നീലനദിയിലെ എക്കൽ അസാധാരണമായവിധം പ്രസിദ്ധികൂടിയതായിരുന്നു. അതു് അത്യധികം പശിമക്കൂറുള്ളതാണ്. അതിനാൽ വെള്ളം വാന്നതിന്നുശേഷം കർഷകന്മാർ അവിടെ വളരെ ഉത്സാഹത്തോടുകൂടി കൃഷി നടത്തുകയായി. അതുകണ്ടു രസിക്കുവാനാണ് ക്കൂഫൂവിന്ന് അത്യധികം കൌതുകമുണ്ടായിരുന്നതു്.

വെള്ളപ്പൊക്കത്തിൻെറ ആരംഭത്തിൽ ആ ദിക്കുകാർ നീലനദിക്ക് ഒരു ബലികൊടുക്കുക പതിവുണ്ട്. അതു വളരെ ആഘോഷത്തോടുകൂടിയും ആയിരുന്നു. ആദ്യമായി പട്ടണത്തിൽനിന്ന് പുറപ്പെടും ഒരു ഘോഷയാത്ര. ഇതിനെ മുൻനടന്ന് നയിക്കുന്നതു് ദേശാധിപൻതന്നെ. അദ്ദേഹത്തെ തുടർന്ന് രാജകുടുംബത്തി

ലെ അങ്ഗങ്ങളും അവക്കുപിമ്പെ, ഒരു പുള്ളിപ്പുലിയുടെ ചമ്മം ധരിച്ചുകൊണ്ടു് അവിടുത്തെ പ്രധാന പുരോഹിതനും, ആ പുരോഹിതന്റെ പുറകിലായി, വെള്ളവസ്ത്രധാരികളായ അവിടുത്തെ മററു പുരോഹിതന്മാരും നടക്കും. അവരുടെ പിന്നാലെയാണു്, അനവധി കുട്ടകൾ നിറയെ ധാന്യങ്ങളും, ഈത്തപ്പഴവും, അത്തിപ്പഴവും ചുമന്നുകൊണ്ടുള്ള ഭൃത്യന്മാരുടെ സഞ്ചാരം. മാലകൾകൊണ്ടും മററും കമനീയമായി അലങ്കരിക്കപ്പെട്ട ബലിവൃഷഭം, അനവധി യുവാക്കന്മാരുടെ അകമ്പടിയോടും പാർശ്വസേവയോടുംകൂടി, അതിനു പിന്നാലെയാണു്. ഈ കാളയുടെ ഇടത്തും വലത്തും ഭാഗങ്ങളിൽ അനേകം യുവതികൾ പാടിയും ആടിയും നടക്കുന്നതു കാണാം. ഇവർ നീലനദിയെ പ്രശംസിച്ചുകൊണ്ടു് കീത്തിക്കുന്ന അനേകം സ്തോത്രങ്ങൾ മററു് അനേകായിരം ജനങ്ങളും ഏററുപാട്ടുക പതിവാണു്. ഇവരുടെ കൂട്ടത്തിൽ ക്രൂഫൂകുമാരനേയും കാണാം. മററുള്ള ഈജിപ്തുകാരെപ്പോലെ അനേകദേവതാവിശ്വാസിതന്നെയായിരുന്നു ക്രൂഫൂവും. നീലനദി ഉത്ഭവിക്കുന്ന ഏതോ അതിദൂരമായ ഒരു സ്ഥലത്തു് ഒരു ദേവനും ദേവിയും, ആ നദിയുടെ, അധിഷ്ഠാനദേവതകളായി ഇരിപ്പുണ്ടെന്നുതന്നെ ആ രാജകുമാരനും വിശ്വസിച്ചു. ഈ ദേവീദേവന്മാക്കു വേണ്ട ആരാധനകളും ബലികളും നടത്തുവാനും, അവരെ എതിരേററിരുത്തി സ്തോത്രം ചെയ്വാനുമായി നദീതീരത്തു പലേടങ്ങളിലും പീഠങ്ങളും ആലയങ്ങളും നിമ്മിച്ചിട്ടുണ്ടു്.

ഘോഷയാത്ര നദീതീരത്തിൽ എത്തിക്കഴിഞ്ഞാൽ, പുരോഹിതൻ വിധിപ്രകാരമുള്ള പൂജകളെല്ലാം നടത്തി കൊണ്ടുവന്ന ധാന്യങ്ങളും മററുപഹാരങ്ങളും എല്ലാം നീലനദിയിൽ അപ്പിക്കും. ഒടുവിലത്തെ ചടങ്ങാണു് ഋഷഭബലി. അതിന്നു് പുള്ളിപ്പുലിത്തോൽ ധരിച്ച പ്രധാനപുരോഹിതൻ മുന്നോട്ടുവന്നു്, അതുവരെ തന്റെ അങ്കിക്കടിയിൽ ഒളിച്ചുവെച്ചിരിക്കുന്ന കഠാരിയെടുത്തു് ആ മൃഗത്തെ കൊന്നു് അതിനെ നദിയിൽ ഒഴുക്കിക്കളയും. അവസാനമായി എല്ലാവരും തൊഴുതു് പ്രാത്ഥനകഴിച്ചു് മടങ്ങി പോരികയായി. ഇങ്ങിനെയാണു പതിവു്. തന്റെ രാജ്യത്തിലേയ്ക്കു ധാരാളം വെള്ളം അയയ്ക്കുവാനും ആ രാജ്യത്തെ ഫലപുഷ്ടിയുള്ളതാക്കിത്തീക്കുവാനും പ്രാത്ഥിച്ചുകൊണ്ടു് ക്രൂഫൂവും നദീദേവതമാരെ തൊഴുതു പൂജിക്ക പതിവായിരുന്നു.

അവിടെനിന്നു് മടങ്ങിയാൽ പിന്നെ, നദീദേവതകൾക്കായി പണികഴിപ്പിച്ചിട്ടുള്ള ക്ഷേത്രത്തിലേക്കാണു ചെല്ലുക. അവി

ടെവെച്ചും വേണ്ടുംപ്രകാരമുള്ള ബലിപൂജകളെല്ലാം നിൎവ്വഹിച്ച ശേഷം ആററിൽനിന്നു കൃഷിസ്ഥലങ്ങളിലേക്കു ഉള്ള തോടുകളുടെ കവാടങ്ങളെല്ലാം ഉൽഘാടനം ചെയ്യുമായി. വെള്ളം നിലത്തിലെങ്ങും പരന്നുകഴിഞ്ഞാൽപിന്നെ കുറേക്കാലത്തേക്കു് ഒരു മഹാപ്രളയംതന്നെ. ജലമല്ലാതെ ഒന്നും എങ്ങും കാണുകയില്ല. അതുകണ്ടു് രസിക്കുവാൻ കൂഫൂവിന്നു് വളരെ താല്പൎയ്യമാണു്.

ആഘോഷങ്ങളെല്ലാം അവസാനിച്ചാൽ കൂഫൂവിന്നു് വളരെ മനസ്താപമായി. നദിയിൽ ജലംനിറഞ്ഞു പരമാവധിയിൽ എത്തിക്കഴിഞ്ഞാൽ മറെറാരു ബലിക്കൂടെ കൊടുക്ക പതിവുണ്ടു്. അതിനാൽ ആദ്യത്തെ ബലിയും വെള്ളപ്പൊക്കവും കഴിഞ്ഞാൽ പിന്നെ കൂഫൂ ഈ അവസരത്തെ പ്രതീക്ഷിക്കുകയായി. രണ്ടാമത്തെ ബലികഴിഞ്ഞാൽ വെള്ളം താണുതുടങ്ങും. അപ്പോഴാണു് കൃഷിക്കുള്ള പുറപ്പാടു്. വല്ലകാലത്തും ആററിൽ വെള്ളംപെരുകാതെ പോയാൽ നദീദേവതകൾ കോപിച്ചിരിക്കുകയാണെന്നായിരിക്കും കൂഫൂവിൻെറ വിശ്വാസം. ഇതു് ആ ബാലനെ ഒട്ടധികം ചിന്താവൈക്ലബ്യമുള്ളവനാക്കിത്തീൎക്കുകയും ചെയ്യും.

ആകപ്പാടെ നോക്കിയാൽ ഈ ബാലൻ ഒരു സുഖകരമായ ജീവിതംതന്നെയാണു് നയിച്ചുപോന്നതെന്നു പറയാം. വെള്ളപ്പൊക്കത്തിൽനിന്നു തൻെറ മനസ്സിനെ വിരമിപ്പിച്ചാൽ ഉടനേതന്നെ അതിനെ കൃഷിയിൽ വ്യാപരിപ്പിക്കുവാനുള്ള അവസരം നേരിടുകയായി. വെള്ളം വററിയാൽ ഉടനെതന്നെ കൃഷിക്കാർ വന്നു്, എക്കൽ സ്ഥലങ്ങൾ ഭാഗിച്ചെടുത്തു പലതരം വിളവിറക്കിത്തുടങ്ങും. കൃഷിക്കാരുടെ അപ്രതിഹതമായ ഉത്സാഹവും വിളയുടെ പുഷ്ടിയോടുകൂടിയ വളൎച്ചയും അവരെയും സന്തോഷഭരിതരാക്കിത്തീൎക്കാതിരിക്കയില്ല. വിളവെടുക്കുന്നതിനുമുമ്പായി രാജ്യവാഴിയുടെ കണക്കപ്പിള്ളമാർ ചെന്നു "പൈമാശി" ചെയ്തു രാജഭോഗം നിൎണ്ണയിക്കണം. ചോളം, പയർ, പരുത്തി മുതലായവ സമൃദ്ധമായി വിളഞ്ഞുനില്ക്കുന്നതും, കണക്കപ്പിള്ളമാർ ചെന്നു അവയളന്നു് ജമതിരിക്കുന്നതും കാണുവാൻ കൂഫൂക്കൂടെ ആ വക ഉദ്യോഗസ്ഥന്മാരോടുകൂടി പോകുക പതിവായിരുന്നു. അവിടെ ചെന്നാൽ അതെല്ലാം നോക്കി രസിച്ചുകൊണ്ടുനില്ക്കും.

അവിടംകഴിഞ്ഞാൽ കൊയ്ത്തുകാലമായി. കൊയ്തുകെട്ടിയ കററകൾ കഴുതപ്പുറത്തുകയററി, കഴുതകളെ കാണാത്തവിധം മൂടിക്കെട്ടി, കളത്തിലേയ്ക്കു കൊണ്ടുപോകുന്ന കാഴ്ച ഒരു കാഴ്ചതന്നെയാ

ണ്. ഇത്തരം നാല്ക്കാലിക്കററക്കൂരകൾ വരിവരിയായി പൊയ്ക്കൊണ്ടിരിക്കുന്നതും കൂഫൂവിനെ രസിപ്പിക്കുന്ന മററൊരു സംഗതിയായിരുന്നു. അവിടെ എത്തിയാൽ ഒരു പരുക്കൻ ചീപ്പു (ചിപ്പ്) കൊണ്ട് ധാന്യക്കതിരെല്ലാം ഊരി തറയിലിടും. അതിന്നുമീതെ കോവർകഴുത, കഴുത, ആട്, മാട് ഇവകളെ വൃത്താകൃതിയിൽ നടത്തിയാണു മെതിക്കുന്നതു്. ഇങ്ങനെ മെതിയ്ക്കുന്ന സമ്പ്രദായം തെക്കൻ തിരുവിതാംകൂറിൽ ചിലേടങ്ങളിൽ ഇന്നും നടപ്പുണ്ട്. അക്കാലത്തു കൂഫൂകുമാരനു ധാന്യംമെതിയ്ക്കുന്ന ഒരു യന്ത്രമോ ഒരു ഇരുമ്പുകലപ്പയൊ കാണുവാൻ സാധിക്കാതെപോയതിൽഅതിശയിക്കുവാനേതുമില്ല. അതുപോലെതന്നെ ധാന്യത്തിൽനിന്ന് പതിർനീക്കുന്നതു ധാന്യത്തെ മേലോട്ടു കൈകൊണ്ടു വാരിയെറിഞ്ഞായിരുന്നു. ഘനംകുറഞ്ഞ പതിർ കാററത്തു പറന്നുപോകുകയും ഘനംകൂടിയ മണി നിലത്തുവീഴുകയും ചെയ്യും. ഇതിലും കൂഫൂവിന് അതിശയംതോന്നുവാൻ സംഗതിയുണ്ടായിരിക്കയില്ല. കളിപ്പന്തിൽ നിറയ്ക്കുവാനായി കൂഫൂതന്നെ ചിലപ്പോഴെല്ലാം ഈ പതിരെടുത്തു സൂക്ഷിക്കുക പതിവായിരുന്നു.

കൂഫൂവിൻെറ അച്ഛൻ ചിലപ്പോഴെല്ലാം അതിലെ സവാരി ചെയ്തു പോകുമ്പോൾ അദ്ദേഹത്തിൻെറ സുവൎണ്ണരഥത്തിൽ മകനെക്കൂടി കയററിവെച്ചുകൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു. അങ്ങിനെ രാജാവും രാജകുമാരനും കടന്നുപോകുമ്പോൾ വഴിയരികിൽ കണ്ടുനില്ക്കുന്നവരെല്ലാം ഇവരെ വളരെ വിനയത്തോടുകൂടി താണ് കൈകൂപ്പും. എങ്കിലും പ്രതാപധോരണിയോടുകൂടിയുള്ള ഈ ഗതിയും നാട്ടുകാരുടെ ദാസ്യമനോഭാവത്തെ ഗൌരവത്തോടുകൂടി നോക്കിരസിച്ചു് പ്രൌഢിയോടുകൂടിയുള്ള ഇരുപ്പും കൂഫൂവിന്നു് തെല്ലും ഇഷ്ടമല്ലായിരുന്നു. അതിനാൽ തൻെറ കോവർ കഴുതപ്പുറത്തുകയറി താനേതന്നെ കൃഷിസ്ഥലങ്ങളിലെല്ലാം സഞ്ചരിക്കുന്നതിലായിരുന്നു കൂഫൂവിന്നു് അധികംസന്തോഷം. അതുപോലെതന്നെ തൻെറ അച്ഛൻെറ അടുക്കളപ്പുരച്ചെവുകക്കാരുമൊന്നിച്ചു് പ്രാക്കളെ പിടിക്കുവാൻ പോകുന്നതും ആ ബാലന്നു് ഇഷ്ടമായ ഒരു വിനോദമായിരുന്നു. ഏകദേശം സന്ധ്യയാകാറാകുമ്പോൾ സൂൎയ്യൻ അസ്തമിക്കുവാനും തണുത്തകാററു് വീശിത്തുടങ്ങുവാനും അടുക്കുമ്പോൾ—ചിലപ്പോൾ, ആററരികിൽ ഉണ്ടാകുന്ന പെപ്പറസ്സ് കീച്ചികൾകൊണ്ടുണ്ടാക്കിയ ചെറുവള്ളത്തിൽ കയറി കൂഫൂകുമാരൻ മെല്ലെമെല്ലെ സഞ്ചരിക്കുകയായിരിക്കും. ആ ചെറുവള്ളം ആററരികിലുള്ള കീച്ചികൾക്കിടയിൽകൂടെ പോകുമ്പോൾ, കൂൎത്തമുനയോടുകൂടിയ അമ്പു് കയ്യിൽ ധരിച്ചിരിക്കുന്ന

ബാലൻെറ നോട്ടം മുഴുവനും പക്ഷികളുടെ നേരെയാണ്. ചില പ്പോൾ കൂഫൂവിൻെറ അമ്പു് ലക്ഷ്യത്തിൽകൊണ്ടു് ഒന്നൊ രണ്ടൊ പക്ഷികളെ താഴെ വീഴ്ത്തിയെന്നുവരാം. ചിലപ്പോൾ ലക്ഷ്യം പിഴച്ചു് ഒന്നും കിട്ടിയില്ലെന്നുംവരാം. ലക്ഷ്യം പിഴച്ചുപോയാൽപിന്നെ അന്നത്തെ കാൎയ്യം ശൂന്യംതന്നെയായി. ലാക്കുപിഴച്ച അമ്പിന്നു് ലക്ഷ്യമാക്കപ്പെട്ട പക്ഷി ശബ്ദിച്ചുകൊണ്ടു് ആകാശത്തിൽ പറന്നുപൊങ്ങുന്നതിനോടുകൂടി ആ പ്രദേശത്തിലുള്ള മററെല്ലാ പക്ഷികളും ശബ്ദിച്ചുകൊണ്ടുയൎന്നുകഴിയും. പിന്നെ അന്നു് ഒന്നിനേയും കിട്ടുകയുമില്ല. ഈ വക ദിവസങ്ങളിലെല്ലാം കുറച്ചു പൂക്കളും ഏതാനും "പൈപ്രസ്സ്" കീച്ചികളും ശേഖരിച്ചുകൊണ്ടു് കൂഫൂ ഇച്ഛാഭംഗത്തോടുകൂടി മടങ്ങിപ്പോരുകയാണ് പതിവു്.

"പൈപ്രസ്സ് കീച്ചി" എന്നതു് ആററരികിൽ ഉണ്ടാകുന്ന ഒരു തരം നീണ്ട പുല്ലാകുന്നു. ഇതു് കൂഫൂവിന്നു് കയ്യെഴുത്തുപുസ്തകം ഉണ്ടാക്കുവാനായിട്ടാണ് കൊണ്ടുപോകുന്നതു്. അതു് തനിക്കു് ആവശ്യമായ ഒന്നാണെന്നു ആ ബാലന്നു് അറിയാമായിരുന്നു. കൂഫൂ ഒരു രാജകുമാരനായിരുന്നതുകൊണ്ടു് എഴുതുവാനും വായിക്കുവാനും പഠിക്കേണ്ടതായിത്തന്നെ ഇരുന്നു. കൂഫൂവിൻെറ പള്ളിക്കൂടം തൻെറ പിതാവിൻെറ കൊട്ടാരത്തിൽതന്നെയായിരുന്നു. ആ പള്ളിക്കൂടത്തിന്നു് "ഗ്രന്ഥപ്പുര" എന്നായിരുന്നു പേരു്. കൊട്ടാരം വക ഭൂമികൾ അളന്നു് കണക്കാക്കുക, രാജഭോഗം തിട്ടപ്പെടുത്തുക, അതു് അളന്നും തൂക്കിയും കണക്കാക്കി വാങ്ങുക, രാജാവിൻെറ വിജയങ്ങളും അപജയങ്ങളും, ജീവിതത്തിലെ മററു പ്രധാന സംഭവങ്ങളും രേഖപ്പെടുത്തിവെയ്ക്കുക മുതലായ ജോലികൾക്കു് യോഗ്യന്മാരായിത്തീരുവാനുള്ളവരും, കൂഫൂവോടുകൂടി അവിടെത്തന്നെയാണ് വിദ്യാഭ്യാസം ചെയ്തുവന്നിരുന്നതു്. ഇവൎക്കെല്ലാം 'പൈപ്രസ്സ്' കീച്ചി അത്യാവശ്യംതന്നെയാണ്. തങ്ങൾതങ്ങൾക്കുള്ള പേനയും കടലാസ്സും തങ്ങൾതങ്ങൾതന്നെ ശേഖരിച്ചുകൊള്ളണമെന്നായിരുന്നു നിശ്ചയം. കനം കുറഞ്ഞ നല്ല കീച്ചിത്തണ്ടിനെ ആവശ്യംപോലെയുള്ള നീളത്തിൽ മുറിച്ചു്, അതിൻെറ തലപ്പു് നല്ലപോലെ ചതച്ചു് മൃദുവാക്കി "ബ്രഷ്"—തൂലികപോലെ ആക്കിത്തീക്കുന്നതായിരുന്നു അവരുടെ പേന. കടലാസ്സുണ്ടാക്കുന്നതും അതുകൊണ്ടുതന്നെ. എങ്കിലും അതിന്നു് അല്പംകൂടെ പ്രയാസം കൂടും. ഇതിന്നു് അവർ ആദ്യമായി കീച്ചികളുടെ അകത്തുള്ള ചോറിനെ കനം കുറഞ്ഞ അലകുകളാക്കി ചീന്തുന്നു. അങ്ങിനെ എടുക്കുന്ന നീളമുള്ള അലകുകളെ ഒരു പരന്ന പലകമേൽ

ഒരട്ടിയായി നിരത്തിവെക്കും. അതിന്നു മീതെ വിലങ്ങനെ മറെറാരട്ടി നിരത്തും. ഇങ്ങിനെ രണ്ടു് അട്ടികളും ശരിയായി നിരത്തിക്കഴിഞ്ഞാൽ, നല്ലപോലെ വെള്ളംനനച്ചു് അതിന്നമീതെ ഒരു വലിയ ഭാരം കയററി വെക്കുകയായി. ഈ ചോറലകുകൾ തമ്മിൽ ചേൎന്നു് ഉണങ്ങി ഉണ്ടാകുന്നതാണു് അവരുടെ കടലാസ്സ്. എഴുതുന്നതിന്നു മുമ്പായി ഇതൊന്നു് മിനുക്കേണ്ടതായിക്കൂടെയുണ്ടു്. ഇങ്ങിനെ ഉണ്ടാക്കപ്പെട്ട കടലാസ്സുപായ്കളെ ചുരുളുകളാക്കി ചുരുട്ടിക്കെട്ടി ഗ്രന്ഥശാലയിലെ വിദ്യാൎത്ഥികൾ കൊണ്ടുപോകുന്നതു കാണാം. അവർ പിന്നിട്ടു് എഴുതുന്നതെല്ലാം അതിലാണു്.

(തുടരും.)

---


ചാത്തുക്കുട്ടി വൈദ്യരുടെ

# വിഷൂചികാസംഹാരി.

(പിൽകൊ) (Cholera Spcific)

എന്ന നടപ്പുദീനത്തിനുള്ള സിദ്ധൌഷധം. ചുരുങ്ങിയതു രണ്ടു ജീവനെ രക്ഷിപ്പാൻ മതിയായ ഒരു ഡപ്പിക്കു് വില 1 ക. മാത്രം.

ഉഷ്ണരോഗനാശനതൈലം.

ഉഷ്ണപ്പുണ്ണു്, അസ്ഥിസ്രാവം, ഒടിക്കുരു ശുക്ലസ്രാവം മുതലായ എല്ലാതരം ഉഷ്ണരോഗങ്ങൾക്കും കൈകണ്ട ഒരു മരുന്നു്. 8 ഔൺസ് അടങ്ങിയ ഒരുകുപ്പിക്കു വില 2 ക. 8 ണ. മാത്രം.

കൂടാതെ എല്ലാവിധ ഔഷധങ്ങളും എത്രയുംവിശേഷപ്പെട്ടരീതിയിൽ ഇവിടെ വില്പാൻ തയ്യാറുണ്ടു്., ആവശ്യപ്പെട്ടെഴുതിയാൽ വിലവിവരപ്പട്ടിക വിലകൂടാതെ അയച്ചുകൊടുക്കുന്നതാണു്. ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ഡോക്ടർ, കെ. വി. കൃഷ്ണൻ,

ധൎമ്മവൈദ്യശാല, കല്ലായി—മലബാർ.

or

ബാൽസി കമ്പനി, മരുന്നുഷാപ്പു്, കോഴിക്കോട്ടു്.

# ഒരു യുവാവിന്റെ മനോരഥം.

(ചെമ്മനാട്ടു്, പി. കെ. കൃഷ്ണപിള്ള.)

മാമകമാനസപ്പൂവല്ലിവാടാതെ
പ്രേമപീയൂഷംപൊഴിച്ചുനിത്യം
സാമോദംസൂക്ഷിച്ചുരക്ഷിച്ചിടേണ്ടുമ-
ക്കോമളഗാത്രിയിക്കാലമെങ്ങോ?
താരാഗണത്തിലരുന്ധതിയെന്നപോൽ
നേരേയെൻദൃഷ്ടിയിൽപെട്ടിടാതെ
കേവലംഭാവുകദ്യോവിലവികല-
ശ്രീവിലാസത്തോടുദിച്ചുനിൽപൂ.
സാരസസംഭവൻതന്നുടെകല്പനാ-
സാരംവഹിക്കുമസ്സാരസാക്ഷി
ആനന്ദദീപ്തിയാലുല്ലസത്തായുള്ളാ-
രാനനാംഭോജംകുനിച്ചുമെല്ലെ
വ്രീളാവിലോലവിലോചനത്താൽശ്രദ്ധ-
മാളികൾകാണാതെനോക്കിനോക്കി
പ്രേമംതുളുമ്പിത്തുടിയ്ക്കുംഹൃദയപ്പൊൻ-
പൂമുകുളത്തെസ്സമർപ്പിച്ചെന്നിൽ
മന്ദമന്ദംവന്നുകല്യാണമണ്ഡപം
തന്നിൽവച്ചെന്നെന്നുധന്യനാക്കും.
മാനസപ്പൂവിൽപതുക്കകൾപററാതെ-
തേൻനുകന്നീടുന്നമക്ഷികയേയാ?
പാടേമുകുളത്തെക്കൂടെയറുത്താരു-
ചാടിക്കടന്നീടുംചാൾപ്പുഴുവോ?
ഏതൊരുജാതിയിൽപ്പെട്ടതരുണിയെ-
ധാതാവുകല്പിച്ചുവച്ചിരിപ്പൂ.
അന്യസൌന്ദര്യത്തെത്താനേജയിക്കുമ-
ധന്യമാംസൃഷ്ടിവിശേഷത്താലെ
നേരായലംകൃതമായൊരുസൌന്ദര്യ-
സാരസ്യസാരംവഴിഞ്ഞൊഴുകി
കോമളമാകുംപ്രകൃതിതൻഹസ്തത്താ-
ലോമനിച്ചേററംമിനുസമാക്കി
കന്മഷംപററാത്തനിർമ്മലചിത്തത്തിൻ-
നന്മണിദർപ്പണമായ്‌വിളങ്ങി

പാവനമാകുംപ്രണയംതുളുമ്പീടും
മാനിനിയാമോമൽപ്രാണനാഥ
ഖേദപരിതപ്തജീവിതഗ്രീഷ്മമാ-
മോദപ്രദമാംവസന്തമാക്കും
സ്നിഗ്ദ്ധമധുരമരന്ദംകുളുർത്തുള്ള-
മുഗ്ദ്ധമൃദുലാധരച്ഛാവിലാസം
മൂടിക്കിടക്കുംവിപത്തിലറിയാതെ-
ചാടിട്ടയിതൻകുഴങ്ങുന്നേരം
സ്വച്ഛന്ദംമെല്ലോട്ടയത്താനടിച്ചീടു-
മച്ഛപ്രശാന്തപ്രതിഭാപൂരം
ഗേഹമനസ്യൂതസ്നേഹപ്രവാഹത്താൽ-
മോഹനമാക്കുംമനോവികാസം.
ഏവംവിവിധഗുണങ്ങൾക്കധിഷ്ഠാന-
ദേവതയാമോമൽജീവനാഥ
ചേണാർന്നശീലഗുണങ്ങൾതികഞ്ഞുള്ളോ-
ളേണാക്ഷിതന്നെഞാൻകാണുന്നാകിൽ
മാമകമാനസമാമോദപൂർവ്വമ-
സ്സീമന്തിനിയിൽലയിച്ചിടട്ടേ!
ആയവൾമാമകപ്രേമനികേതന-
മായവൾജീവിതസർവ്വസ്വംമേ.

---


## സഹസ്രയോഗം

(ഭാഷാവ്യാഖ്യാനസഹിതം)

പഴയ പല താളിയോലഗ്രന്ഥങ്ങളും പരിശോധിച്ച് സാധാരണ സഹസ്രയോഗങ്ങളിലുള്ളതിനേക്കാൾ വിശിഷ്ടങ്ങളായ പല കഷായാദിയോഗങ്ങളും ഭൈഷജ്യരത്നാവലി, ശാൎങ്ഗധരം മുതലായ ഗ്രന്ഥങ്ങളിൽനിന്ന് ഫലപ്രദങ്ങളായ അനേകം ആസവാരിഷ്ടയോഗങ്ങളുംചേൎത്ത് അച്ചടിച്ചു തയാറായിരിക്കുന്നു.

പുസ്തകം ഒന്നുക്കു വില അണ 10.

വി. വി. പ്രസ്സ്—കൊല്ലം.

# കഥകളിപ്രസ്ഥാനം.

## ഒരു പഠനം.

### (ഉപസംഹാരം.)

(വിദ്വാൻ, ശ്രീവരാഹം ഇ. വേലായുധൻപിള്ള.)

(തുടൎച്ച)

### കഥകളിയും സാഹിത്യവും.

കഥകളികൎത്താക്കന്മാർ പ്രായേണ സംസ്കൃതപണ്ഡിതന്മാരാകയാൽ അൎത്ഥശബ്ദാലങ്കാരപ്രയോഗങ്ങളിൽ അത്യന്തം തല്പരന്മാരായിട്ടാണ് കണ്ടുവരുന്നത്. രസഭാവം മാറുന്നതനുസരിച്ച് പദ്യങ്ങളിലെ വൎണ്ണങ്ങളെ തീവ്രലഘുക്കളാക്കി കവിതാപ്രൌഢി കൂട്ടാൻ ഈ കൂട്ടർ അതിസമൎത്ഥന്മാരാകുന്നു. ശബ്ദാലങ്കാരപ്രയോഗത്തിൽ കഥകളികൎത്താക്കന്മാരെ ജയിക്കാൻ മററാൎക്കും സാദ്ധ്യമല്ലാത്തമട്ടാണ് ഇവരിൽ കാണുന്നത്.

"ക്ഷൈബ്യക്ഷ്മാഭൃദ്ഭശാക്ഷപ്രതിഭയദിതിജാദ്ധ്യക്ഷ ദൃതാപരോക്ഷാ-
ധിക്ഷേപാക്ഷിപ്തസന്ധുക്ഷിതപരുഷരുഷാത്യക്ഷരൂക്ഷാക്ഷികക്ഷ-
(ക്ഷേഃ"

(ജലന്ധരാസുരവധം)

അംഭോജാസനാശംഭുഡിംഭമുരഭംസംഭഗാജംഭദപിഷ-
ദ്ദംഭംഭ്രൂതപതിംപ്രഭേശമൃഷിഹൃച്ശൂംഭല്പദാംഭോരുഹം."

(ദുൎയ്യോധനവധം)

ഇത്യാദി അനുപ്രാസത്തിനും—

"അധിരൂഢമജംഗരുഡംജഗതാം-ശരണംസമഹീനമഹീനഭുജം
വിമൃശന്തമവോചദുപേത്യമുനി-ശ്ശരണംസമഹീനമഹീനഭുജം"

(അംബരീഷചരിതം)

"പുരോഹിതംമുനിമുപവിഷ്ടമാസനേ
പുരോഹിതംനിജമുപവേശ്യധൎമ്മജഃ
പുരോഹിതപ്രകൃതിരനേനഹസ്തിനാൽ
പുരോऽഹിതപ്രഹിതമുവാചസാഞ്ജലിഃ"

(കിൎമ്മീരവധം)

ഇത്യാദി യമകത്തിനും—

"അപുത്രമിത്രകാന്താരം പുക്കനെർത്ഥഗതേ്വീണാളെ
അനന്ദിച്ചേ്വാഴേണ്ടുന്നവളല്ലേകാമിനിനീണാളേ"

(നളചരിതം)

"വിധിതനന്നിധിയാമീനന്ദിനി-മേലിൽ
വിവിധകാമംതരുവാൻ നന്നിനി"

(ദക്ഷയാഗം)

ഇത്യാദി അന്ത്യപ്രാസത്തിനും-ഉദാഹരണങ്ങളാകുന്നു. ദ്വിതീയാക്ഷരപ്രാസവും കഥകളികളിൽ വിരളമല്ല. എന്നാൽ അർത്ഥാലങ്കാരപ്രയോഗംകൊണ്ടു് സാഹിത്യഗുണം കൂട്ടുവാൻ അപൂർവ്വം ചില കഥകളികർത്താക്കന്മാർ മാത്രമേ യത്നിച്ചിട്ടുള്ളൂ—എന്നാലും:—

"പ്രീതിപ്രദേസ്മിന്നൃതുപർണ്ണരാജേ-സ്ഫീതപ്രകാശേനിഷധൗഷധീശേ-
നിശാന്തശാന്തേതതഅവിരാസീദപാന്താമൃതാവാണ്ടേയകൗമുദീയം"

(നളചരിതം)

"വിധുരാവിരഭൂൽപുരോഭുവി-ദ്രുപദേന്ദ്രാത്മഭവാചകോരികാം
സ്മിതചന്ദ്രികയാപ്രഹർഷയൻചലദൃക്ചഞ്ചുപുടാംതമോപഹഃ"

(കിമ്മീരവധം)

ഇത്യാദി രൂപകത്തിനും—

"പാണൗകൃത്വവിപഞ്ചികാംസുമഹതീംലോലന്നിചോളാഞ്ചലാം
സൗമുഖ്യേനസുവർണ്ണസൽഗുണതയാരമ്യാംകൃശാംമദ്ധ്യമേ
വിസ്രസ്യാശ്രുനിചോളികാംപരിമൃശംസ്തന്ത്രീർന്നഖാനാംമുഖൈ-
രായാസീൽകളകൂജിതാം വിരചയൻദൈത്യാലയംനാരദഃ"

(ജലന്ധരാസുരവധം)

ഇത്യാദി സമാസോക്തിക്കും—

"ശ്യാമളാംകമെന്നിതുശങ്കയെന്തിനുവൃഥാവ്യോമതളിമംതന്നിൽ
യാമിനീരമണികാമകേളികൾചെയ്തുകാമം തളർന്നതിനാൽ
സോമനുടെ യുരസിസൈ്വരം ശയിച്ചിടുന്നു"

(പൌണ്ഡ്രകവധം)

ഇത്യാദി അപഹ്നുതിക്കും—ഉദാഹരണങ്ങളാണു്.

കഥകളികർത്താക്കന്മാരിൽ അധികംപേരും അഭിനയഭംഗിയെ മാത്രം ലാക്കാക്കുന്നവരാകയാൽ സാഹിത്യഗുണത്തെപ്പററി അവർ ശ്രദ്ധിക്കാറില്ല. എങ്ങനെ ആയാലും രംഗം പൊടിപൊടിക്കണമെന്നേ അവർക്കു വിചാരമുള്ളൂ. എന്നാൽ അപൂർവ്വം ചില കൃതിക

ളിൽ ശൃംഗാരപ്പദങ്ങളിലും മററും സാഹിത്യഗുണം നിഴലിട്ടുന്നതു് കാണാവുന്നതുമാണു്. എന്തൊക്കെയായലും അതിശയോക്തിയിലാണു് അവരുടെ കവിതാവ്യാപാരം നടത്തുന്നതു്. കഥകളികളുടെ കൂട്ടത്തിൽ സാഹിത്യഗുണമുള്ള കൃതികൾ ഉണ്ടെങ്കിൽ ഉണ്ണായി, കവീന്ദ്രൻ, അശ്വതി, തമ്പി എന്നീ നാലുപേരുടെ കൃതികൾ മാത്രമാണെന്നു് ചുരുക്കത്തിൽ പറയാം. ഇവരുടെ കൃതികളിൽ കാണുന്ന സാഹിത്യഗുണം യഥാർത്ഥകവിതാമുദ്രയോടുകൂടി വിലസുകതന്നെചെയ്യുന്നു. ആശയശുദ്ധി, അലങ്കാരചാതുരി, സൌകുമാര്യം, എന്നിവയാണു് ഒരുകൃതിയെ ഉൽകൃഷ്ടമാക്കുന്നതെങ്കിൽ, കഥകളികളുടെ കൂട്ടത്തിൽ ഇവരിൽ ഓരോരുത്തരുടേയും കൃതികൾ ഉദാഹരണങ്ങളാകുന്നു. എന്നാൽ അലങ്കാരശാസ്ത്രപ്രകാരമുള്ള പദവാക്യദോഷങ്ങൾ ഇവരുടെ കൃതികളിലും കണ്ടെന്നുവന്നേക്കാം. എന്നാൽ പൊതുവേ നോക്കുന്നപക്ഷം ഗ്രാമ്യം ഏകാർത്ഥം വിസന്ധി ഈവക ദോഷങ്ങൾ മിക്ക കൃതികളിലും കാണാവുന്നതാണു്.

**കഥകളിയിലെ പ്രാകൃതം.**

കഥകളിയിൽ പ്രാകൃതം ഉപയോഗിക്കുന്നതിനെപ്പററി സാഹിത്യരസികന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. അപൌരുഷേയങ്ങളും, നീചങ്ങളും ആയ പാത്രങ്ങളുടെ സംഭാഷണത്തിൽ സംസ്കൃതനാടകകവികൾ സംസ്കൃതത്തിൻെറതന്നെ പ്രാകൃതം ഉപയോഗിക്കുക പതിവാണു്. അതുകൊണ്ടായിരിക്കണം രചനാവിഷയത്തിൽ സംസ്കൃതബദ്ധലരായ കഥകളികർത്താക്കന്മാരും അനുകരണരീത്യാ പ്രാകൃതം ഉപയോഗിക്കുവാൻ സന്നദ്ധരായതു്. എന്നാൽ കഥകളിയിലെ സംഭാഷണരൂപത്തിലുള്ള പദങ്ങൾ ശുദ്ധമണിപ്രവാളത്തിലോ; മലയാളത്തിലോ; മലയാളികളുടെ സംഭാഷണഭാഷയിലോ; തന്നെ ആയിരിക്കണമെന്നു് ചിട്ടപ്പെടുത്തിട്ടുള്ളതുകൊണ്ടു് അവയിലെ പദങ്ങൾ സംസ്കൃതത്തിലോ, അതിൻെറ പ്രാകൃതത്തിലോ, ആകാൻ പാടില്ലാത്തതാകുന്നു. വിദ്യാവിഹീനരും, നീചരും, ആയ പാത്രങ്ങളെ സംബന്ധിച്ചിടത്തോളം പ്രാകൃതം ഉപയോഗിക്കണമെന്നു് നാടകകവികൾ നിർബന്ധിതരായിരിക്കുന്നതു നിമിത്തം കഥകളികർത്താക്കന്മാരും ആ രീതിയെത്തന്നെ അനുകരിച്ചു. എന്നാൽ ഇതിൽനിന്നും കേരളീയമായ പ്രാകൃതംതന്നെ ഉപയോഗിച്ചിരുന്നുവെങ്കിൽ അതു് എത്രയും അശാസ്യമാകുമായിരുന്നു.

**കഥകളിയിലെ ദണ്ഡകം.**

കഥയുടെ ഘടനയിൽ അന്യോന്യം സംയോജ്യമല്ലാത്ത രണ്ടു ഭാഗങ്ങൾ ഉണ്ടാകുമ്പോൾ അവയുടെ അതിവ്യാപ്തമായ കാലാന്തര

ത്തെ പ്രത്യക്ഷപ്പെട്ടത്താതിരിക്കുന്നതിനും, ദ്രഷ്ടാക്കൾക്ക് കഥാകാല ത്തിന്റെ മുൻപിൽ ക്രമം വീക്ഷിച്ചു മുഷിയാതിരിക്കുന്നതിനുംവേ ണ്ടിയാണ് കഥകളികളിൽ സാധാരണയായി ദണ്ഡകങ്ങൾ ഉപ യോഗിച്ചുവരുന്നത്. എവിടെയെങ്കിലും ദണ്ഡകം ഉപയോഗി ക്കേണ്ടതായി വന്നിട്ടുള്ളപക്ഷം അനന്തരകഥാഭാഗം മുൻകഥയെ തുടൎന്നുള്ളതല്ലെന്നു സ്പഷ്ടമാണ്. ചില കൃതികളിലെ ദണ്ഡക ങ്ങൾ യഥാൎത്ഥകവിതാഗുണത്തെ ഉദാഹരിക്കുന്നവയുമാണ്. കീ ചകവധം, നളചരിതം, തുടങ്ങിയവയിലേ ദണ്ഡകങ്ങൾ സൎവ്വഥാ ഉൽകൃഷ്ടങ്ങളത്രേ.

**കഥകളിയിലെ ഭാഷ.**

കഥകളിയിലെ ഭാഷ മിക്കവാറും സംസ്കൃതബഹുലമായ ഒ രു മണിപ്രവാളരീതിയാകുന്നു. പദ്യങ്ങൾ അധികവും സംസ്കൃത ത്തിലാണ് രചിച്ചിട്ടുള്ളത്.

എന്നാൽ ശുദ്ധമണിപ്രവാളപദ്യങ്ങളും ഇല്ലെന്നില്ല. വിഭ ക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളും; മലയാളപദങ്ങളുംനീരക്ഷീ രന്യായേന കൂട്ടിക്കലൎത്തിയുള്ള പ്രയോഗമാണ് കഥകളിക ളിൽ സാധാരണ കണ്ടുവരുന്നത്. എന്നാൽ തൽക്കൎത്താക്കന്മാ രിൽ ചിലൎക്ക് ഭാഷയെന്നും സംസ്കൃതമെന്നുമുള്ള വകഭേദം ഉ ള്ളതായി കാണുന്നില്ല. കവിവാക്യങ്ങൾ മിക്കവാറും സംസ്കൃത പദ്യത്തിൽതന്നെ. കഥാപാത്രങ്ങളുടെ സംഭാഷണപദങ്ങൾപോ ലും സംസ്കൃതത്തിൽ രചിക്കാൻ ചിലൎക്കു മടിയില്ലായിരുന്നു.

"യാമിയാമിഭൈമീകാമിതം" എന്നിങ്ങനെയുള്ള നളചരിത ത്തിലെ പദങ്ങൾ ദൃഷ്ടാന്തങ്ങളാണ്. മലയാളമായാലും സംസ്കൃ തമായാലും അതിന്റെ വ്യാകരണത്തെ ഉല്ലംഘിക്കുവാനും ചിലൎക്ക് അശേഷം മടിയില്ലായിരുന്നു. സംസ്കൃതകാവ്യങ്ങളിലെ ആശ യാനുകരണങ്ങളും മററും ധാരാളം കാണാം. എന്നാൽ പരിശുദ്ധ മണിപ്രവാളത്തിലും, പച്ചമലയാളത്തിലും ആധുനികഭാഷാരീതി ക്കൊപ്പിച്ച് ഭാഷയെ നിയന്ത്രണംചെയ്യുന്നതിനും ഇവർ സമൎത്ഥ ന്മാരായിരുന്നു. ഇരവിവൎമ്മൻതമ്പി, ഉണ്ണായിവാൎയ്യർ തുടങ്ങിയവ രുടെ കൃതികൾ നോക്കിയാൽ ഈ സംഗതി സ്പഷ്ടമാണ്.

**കഥകളിയും സമുദായവും.**

കഥകളിക്ക് മതവിഷയമായി വളരെ പ്രാധാന്യമുണ്ട്. എ ന്നാൽ ക്രമേണ ആ നിലയ്ക്കു ഭേദംവന്നിട്ടുണ്ടെന്നു പറയാതിരിക്കാൻ തരമില്ല. പ്രേക്ഷകരെ സന്മാൎഗ്ഗത്തിലേയ്ക്കു് ആനയിക്കുകയാണ്

ഒരു ദൃശ്യകാവ്യത്തിന്റെ ധർമ്മം. കഥകളി ചിലപ്പോൾ അതിനു വിപരീതമായും ഭവിച്ചുപോകുന്നുണ്ട്. നായികാനായകന്മാരുടെ അഴിഞ്ഞ ശൃംഗാരാഭിനയം മീക്കപ്പോഴും രസാഭാസമായി പകൎന്നിട്ട് രംഗത്തിൽ അസന്മാർഗ്ഗികമായ ബോധത്തെ ജനിപ്പിക്കുന്നു. പൊതുവെ ദൃശ്യകലയ്ക്കു് സാമുദായികദൂഷ്യങ്ങളെ നിവാരണം ചെയ്യാനുള്ള സ്വാതന്ത്ര്യവും, അവസരവും ഉണ്ടെന്നിരിക്കേ; കഥകളി ആ വിഷയത്തിൽ മാത്രം പിന്നാക്കമാണെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എന്നാൽ മിക്ക കൃതികളും ദൈവികഭക്തിയെ വൎദ്ധിപ്പിക്കാൻ സൎവ്വഥാ ശക്തങ്ങളാണു്. ശ്രീകൃഷ്ണൻ ശിവൻ തുടങ്ങിയ പാത്രങ്ങളുടെ അജയ്യമായ ശക്തിയും പ്രാഭവവും, ഭക്തിസംവൎദ്ധകമാണെന്നു് പറയേണ്ടതില്ലല്ലോ.

## കഥകളിയിലെ സംഗീതം.

കഥകളിയിലെ സംഗീതം സോപാനരീതിയിലാണെന്നു് മുൻപു് പറഞ്ഞിട്ടുണ്ടല്ലോ? ലോകത്തിലുള്ള ഏതു സംഗീതരീതിക്കും ജയിച്ചുനിൽക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു രീതിയിലാണു് കഥകളി സംഗീതത്തിനുള്ളതു്. പരമ്പരാസിദ്ധമായ ഈ സംഗീതരീതിക്കു് ഇക്കാലത്തു കുറെ വ്യത്യാസം വന്നിട്ടുണ്ട്. പ്രസ്തുത സംഗീതരീതിയിൽ അഭ്യസനംചെയ്തിട്ടുള്ള ഭാഗവതരന്മാരുടെ കണ്ഠത്തിൽനിന്നും പുറപ്പെടുന്ന ധ്വനിയുടെ ഗതിതന്നെ ഒന്നു വേറെയാണു്. സ്വരങ്ങളിൽ അവർ വരുത്തുന്ന 'ഗമക' ബഹുലത സാധാരണക്കാൎക്കുംതന്നെ സ്വാധീനമാക്കാൻ വിഷമമാകുന്നു. നാഭിസ്ഥാനത്തിൽനിന്നും ശ്വാസത്തെ ഇളക്കി കണ്ഠസ്ഥാനത്തിൽ ഉറപ്പിച്ചശേഷമാണു് ഓഷ്ഠ്യതാലുക്കളെ സ്പർശനംചെയ്യിച്ചു് ധ്വനിയുണ്ടാക്കുന്നതു്. ഇത്രമാത്രം വൈഷമ്യം ദേശികരീതിക്കില്ലതന്നെ. രാഗങ്ങളിൽ, 'ജന്യരാഗങ്ങൾ' എന്നുള്ള വേർതിരിപ്പു് കഥകളി ഭാഗവതന്മാരെ തീണ്ടീട്ടില്ല. അവൎക്കതിന്റെ ആവശ്യവുമില്ലതന്നെ. ശ്രവിച്ചാൽ തിരിച്ചറിയാൻപാടില്ലാത്ത മട്ടിൽ ഒരുപോലെ എല്ലാരാഗങ്ങളും തട്ടിവിടുന്ന സമ്പ്രദായമാണു് അവരിൽ അധികവും കണ്ടുവരുന്നതു്. കഥകളിഭാഗവതരന്മാരുടെ 'ആലാപ'രീതിതന്നെ അതിനൊപ്പിച്ചാകുന്നു.

കഥകളിക്കൎത്താക്കന്മാരെല്ലാം സംഗീതവിദഗ്ദ്ധന്മാരായിരുന്നുവെന്നു നിൎണ്ണയിക്കാൻ തരമില്ല. നൈസൎഗ്ഗികമായി സംഗീതത്തിൽ വാസനയുള്ളവരുടെ കൃതികൾ പാടിച്ചു കേൾക്കുമ്പോൾതന്നെ തൽക്കൎത്താവിന്റെ സംഗീതപാടവത്തെക്കുറിച്ചു് ഏറെക്കുറെ അനുമാനിക്കാവുന്നതാണു്. എന്നാൽ രസവും, രംഗവും മാറുന്നതനു

സരിച്ചു സംഗീതത്തിലും ഭേദഗതികൾ വരുത്താൻ തൽക്കർത്താക്കന്മാർ നിർബ്ബന്ധിതരാകുന്നു. ഉണ്ണായി, കരീന്ദ്രൻ, തമ്പി എന്നിവരുടെ കൃതികൾ സംഗീതഗുണത്തിൽ മുന്നണിയിൽതന്നെ നിൽക്കുന്നു. അഭിനയമില്ലാത്തപ്പോഴും സംഗീതത്തിന്ന് രസഭാവത്തെ ജനിപ്പിക്കാൻ പ്രത്യേകം ശക്തിയുണ്ട്. അതിനാൽ സന്ദർഭമനുസരിച്ചു താളലയത്തോടുകൂടി സംഗീതത്തെയും കൂട്ടിയിണക്കുന്നപക്ഷം ഉണ്ടാകാവുന്ന മനോഹരത ചില്ലറയല്ല. രസം പകരുന്നതനുസരിച്ചു രാഗങ്ങളേയും ഭേദിപ്പിക്കാൻ കഥകളികർത്താക്കന്മാർ ശ്രദ്ധിക്കേണ്ടതാകുന്നു.

## കഥകളിയും നാടകവും.

നാടകരീതിയിൽനിന്നും കഥകളി സർവ്വത്ര ഭിന്നമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അതു് ഏതേതംശത്തിലാണെന്നു മനസ്സിലാക്കേണ്ടതാണു്. നാടകങ്ങളിൽ കഥ പ്രസിദ്ധമായിരിക്കണമെന്നും മുഖം, പ്രതിമുഖം തുടങ്ങിയ പഞ്ചസന്ധികൾ ഉണ്ടായിരിക്കേണ്ടതാണെന്നും നിർബ്ബന്ധമുണ്ട്. എന്നാൽ കഥകളിക്കു് ഈ സംഗതികളൊന്നുമില്ല. നാടകങ്ങളിൽ അംഗിയായ രസം ശൃംഗാര,വീര,ശാന്തങ്ങളിൽ ഒന്നായിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. കഥകളിയിൽ ആ ഏർപ്പാടേയില്ല. നാടകങ്ങളിലെ നിർവ്വഹണസന്ധിയിലുള്ള അത്ഭുതരസം കഥകളിയിൽ ഗണിക്കുന്നതല്ല. നാടകത്തിൽ അഞ്ചുമുതൽ പത്തുവരെ അങ്കങ്ങൾ വേണമെന്നുണ്ട്. കഥകളിക്കങ്ങനെയില്ല.. നായകന്റെ ഗുണങ്ങളെക്കുറിച്ചോ, അയാളുടെ വംശോൽക്കർഷത്തെക്കുറിച്ചോ യാതൊരു നിർബ്ബന്ധവും കഥകളിയിലില്ല. കഥകളികളും നാടകങ്ങളും വസ്തുസ്വീകരണത്തിൽ മിക്കവാറും പുരാണങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് രണ്ടിനും പ്രഖ്യാതവൃത്തം ആണെന്നുമാത്രം സാമ്യമുണ്ട്. നാടകങ്ങളിലെപ്പോലെ വിഭാവാനുഭാവസഞ്ചാരിഭേദങ്ങളാൽ രസോൽക്കർഷം ഉണ്ടാക്കേണ്ടതിനെപ്പററി കഥകളിയിൽ ഒരേർപ്പാടുമില്ല. എന്നാൽ നാടകത്തിന്ന വിരുദ്ധമായ സംഗതികൾ കഥകളിയിൽ ഒഴിക്കാൻപാടില്ലാത്തവയായി ഉണ്ട്. വധം, യുദ്ധം, പോരിനുവിളി എന്നിവ കഥകളിക്കു് ഒഴിക്കാൻ പാടില്ലാത്തവയാകുന്നു. മാത്രമല്ല രസം, നായികാനായകന്മാർ, ഇവയെ സംബന്ധിച്ചു് കഥകളി നാടകത്തിൽനിന്നും സ്വതന്ത്രമാണു്.

## കഥകളിപരിഷ്കാരം.

ഹിന്ദുക്കളുടെ സാമുദായികാചാരങ്ങൾ മതധർമ്മവുമായി സംഘടിപ്പിച്ചിട്ടുള്ളവയാണു. മനുഷ്യന്റെ പരിഷ്കൃതമനോഗതി

ക്കു യോജിച്ചവയായ ദൃശ്യമാർഗ്ഗങ്ങൾ ക്ഷേത്രങ്ങളിൽനിന്നും കുടിയിടകളിലേക്ക് വ്യാപരിച്ചിട്ടുള്ളതുപോലെയാണ്, കേരളത്തിലെ പ്രസിദ്ധനൃത്യകലയായ കഥകളിയും ക്രമേണ സംക്രമിച്ചിട്ടുള്ളത്. പുരാണകല്പനകൾക്കും, പ്രാചീനാചാരങ്ങൾക്കും, വിലകൂട്ടിയിരുന്ന മുൻകാലങ്ങളിൽ രസിക്കുന്നതിനുമാത്രമല്ലാതെയും കഥകളിഅഭിനയം നടത്തിവന്നിരുന്നു. എന്നാൽ അതു ക്രമേണ പലരേയും കഷ്ടപ്പെടുത്തുകയും, മുഷിപ്പിക്കുകയും ചെയ്തിരുന്നുവെന്നു കുഞ്ചൻനമ്പ്യാർ, കഥകളിയെ പ്രകടമായി അധിക്ഷേപിച്ചിരിക്കുന്നതുകൊണ്ടു് ഊഹിക്കാമല്ലോ.

കഥകളിക്ക് ഉപകരണങ്ങളായി ഉപയോഗിച്ചുവരുന്ന, വിളക്ക്, കുത്തിയുടുപ്പു്, കിരീടം, കുപ്പായം, കുണ്ഡലം എന്നിവ ഇന്നത്തെ ചില പരിഷ്കൃതജനങ്ങൾക്ക് അല്പവും രുചിക്കാതെയാണു വന്നുചേന്നിരിക്കുന്നതു്. പാശ്ചാത്യവിദ്യാഭ്യാസത്തിൻെറ പ്രചാരത്തോടുകൂടി മാതൃഭാഷയായ മലയാളത്തിനെപ്പററിയും, അതിലുള്ള സാഹിത്യമാൎഗ്ഗങ്ങളെപ്പററിയും 'മനംമറിപ്പു്. വന്നുതുടങ്ങിയ പരിഷ്കൃതജനങ്ങൾക്ക് ഭാഷയുടെ സ്വതന്ത്രദൃശ്യ വിഭാഗത്തിനെ സംബന്ധിച്ചും, അവജ്ഞതോന്നിയതിൽ അത്ഭുതപ്പെടാനില്ലല്ലോ. ലോകത്തിലുള്ള ഏതു ദൃശ്യവിഭാഗങ്ങളോടും ഒററനിൽക്കത്തക്ക ശക്തിയേറിയ ഒരു ദൃശ്യകലയാണു് കേരളീയൎക്കു് ലഭ്യമായിരിക്കുന്നതെന്നുള്ള പരമാൎത്ഥം ഇന്നത്തെ ചില പച്ചപരിഷ്കാരികൾക്ക് ക്രമേണ ബോദ്ധ്യമായി വരുന്നുവെങ്കിലും, പുതുമയിലുള്ള ഭ്രമംകൊണ്ടു് അക്കൂട്ടർ ആ സംഗതിയെ പരസ്യമായി സമ്മതിക്കാൻ ഭാവമില്ലാത്തവരായിട്ടാണു് കണ്ടുവരുന്നതു്. നമ്മുടെ സമുദായാചാരങ്ങളിൽനിന്നും സൎവ്വത്ര വ്യത്യസ്തമായ നിലയിൽ ജീവിച്ചുപോരുന്ന പാശ്ചാത്യൎക്കുപോലും അതിരസകരമായിത്തോന്നീട്ടുള്ള കഥകളി ഇന്നുള്ള ചില ഉൽപ്പതിഷ്ണുക്കൾക്ക് 'മഹാതിക്തക' തുല്യം തോന്നിപ്പോയതിൽ വ്യസനിക്കാനേ തരമുള്ളു. തമിഴ്നാടകങ്ങളുടെ അവിർഭാവത്തോടുകൂടി പുതുമോടിയിൽ മിരണ്ടുപോയ രസികന്മാർ കഥകളിയെക്കുറിച്ചു് ചിന്തിക്കുന്നതുപോലും നികൃഷ്ടമെന്നു ഭാവിച്ചുതുടങ്ങി. ചെകിടുപൊടിയുന്ന ചെണ്ടക്കൊട്ടെന്നും; കത്തിവച്ച മുഖമെന്നും; ഊമക്കളിയെന്നും; അപഹസിക്കുന്നതിനുകൂടി അക്കൂട്ടൎക്കു് യാതൊരു മടിയുമില്ല. എന്നാൽ ഇപ്രകാരം നാടകങ്ങളിൽ ഭ്രമിച്ചു് അവശരായ ജനതതിയുടെ രുചിക്കനുസരിച്ചു് കഥകളിയെ ഒന്നു പരിഷ്ക്കരിക്കാമെന്നുവച്ചാൽ അതൊട്ടു സാദ്ധ്യവുമല്ല. ചെണ്ട, മദ്ദളം, ചേങ്ങല എന്നിവയ്ക്കു് പകരം

കഥകളിക്ക് മൃദംഗം, ഹാർമ്മോണിയം, ജാലർ എന്നിവ ഉപയോഗിക്കാമെന്നുവച്ചാൽ, അപ്പോൾ കഥകളിക്കുണ്ടാകാവുന്ന വികൃതത്തെക്കുറിച്ച് ചിന്തിക്കാൻപോലും പ്രയാസമാണ്. വീരരൌദ്രാദിരസഭാവങ്ങളിൽ ചെണ്ടയ്ക്കും, മദ്ദളത്തിനും ഉള്ള സ്ഥാനംപോലെ മററൊരുവാദ്യവിശേഷത്തിനും കിട്ടുന്നതല്ല. അതുപോലെ കിരീടം, കുത്തിയുടുപ്പ് എന്നിവയെ മാററിയാൽ അതൊരു നാടകരീതിയാകുമെന്നല്ലാതെ മററു യാതൊരു വിശേഷവും ഇല്ലതന്നെ. അതിനാൽ വസ്ത്രധാരണത്തിലും, ആഭരണാദികളിലും അല്പം ചില വ്യത്യാസങ്ങൾ വരുത്തി കൃതകൃത്യരാകാനെ തരമുള്ളു. പൌരസ്ത്യദൃശ്യകലയുടെ സ്വന്തം മുതലുകളെന്ന് അഭിമാനിക്കാവുന്നവയായ, കലാശം, അഷ്ടകലാശം, കേകിപറപ്പ്, തുശിക്കിട്ടുക മുതലായ അഭിനയവിശേഷങ്ങളെ പാടെ ത്യജിക്കുന്നതു് അത്ര ശരിയാണോ എന്ന് സംശയമുണ്ട്. എന്തെന്നാൽ പൌരസ്ത്യദൃശ്യകലയിൽ മററുള്ളവക്ക് അഭ്യസൂയ ജനിക്കത്തക്കവണ്ണം ഒരഭിനയവിഭാഗം ഉണ്ടെങ്കിൽ അതു് കഥകളിമാത്രമാകുന്നു. അതിനാൽ അതിലുള്ള ഏററവും പ്രാധാന്യമേറിയവയും, ഇതരന്മാക്ക് അനുകരണവൈഷമ്യമേറിയവയും ആയ അംഗ്യവിഭാഗങ്ങളെ പാടെ നശിപ്പിക്കുന്നതു് ശരിയല്ലതന്നെ. എന്നാൽ ഏതാനും ചില കാര്യങ്ങളിൽ പ്രത്യേകം പരിഷ്കാരം ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. നടന്മാരെ സംബന്ധിച്ചിടത്തോളം ചില ഏർപ്പാടുകൾ വേണ്ടതാണ്. ഇന്നത്തെ രീതിയിൽ നോക്കുന്നപക്ഷം നടന്മാരിൽ അധികംപേരും, സാഹിത്യം, കല എന്നീ വിഷയങ്ങളിൽ അശേഷം പരിജ്ഞാനമില്ലാത്തവരാകുന്നു. രാത്രി കഴിച്ചുകൂട്ടുവാനായി മനയോലയുംമണിഞ്ഞു രംഗത്തിൽ വന്ന് വല്ലതുമൊക്കെ കാട്ടിക്കൂട്ടിപ്പോകണമെന്നു വിചാരിക്കുന്നവരെ ഒരു യോഗത്തിൽ ചേന്ന ഒരംഗമായി പരിഗണിക്കാൻപാടില്ലതന്നെ. ഭാഷയിലും സംസ്കൃതത്തിലും, സാമാന്യപരിജ്ഞാനമെങ്കിലും ഉള്ളവരെ മാത്രമേ നടന്മാരായി ചേക്കാവൂ. കഥകളിസംഗീതത്തെ സോപാനരീതിയിൽനിന്നും അല്പംകൂടി ഭേദിപ്പിച്ച് ദേശികരീതിയിൽ ആക്കാമെങ്കിൽ അതു് ഉത്തമമത്രേ. ഇത്രയുമൊക്കെയല്ലാതെ വേഷം, അഭിനയം, ഉപകരണം എന്നിവയിൽ ഗണ്യമായ ഭേദഗതികൾ ചെയ്ത് നാടകരീതിയെ അനുവത്തിയ്ക്കുന്നതിനേക്കാൾ കഥകളിയേ നിശ്ശേഷം വേണ്ടെന്നുവയ്ക്കുന്നതാണ് ഉത്തമം.

ദൃശ്യകാവ്യങ്ങളുടെ പ്രധാന ഉദ്ദേശം ദ്രഷ്ടാക്കൾക്ക് സാന്മാർഗ്ഗികോപദേശം ചെയ്ത് ഐഹികജീവിതത്തിൽ അവക്ക് ശരിയായ ഒരു മാതൃകയെ ചൂണ്ടിക്കാണിക്കുക എന്നുള്ളതാണല്ലോ. അ

പ്രകാരം കഥകളിയ്ക്കു് ഒരു മേന്മ ഉണ്ടാകുന്നപക്ഷം അതിൽ കൂടുതൽ ഒരു പരിഷ്കാരം ഉണ്ടാകാനില്ലെന്നുവേണം കരുതുവാൻ. അതിനാൽ അന്തരമായ കാൎയ്യങ്ങളിൽക്കടന്നു് പരിഷ്കാരം വരുത്തുവാൻ ശ്രമിക്കേണ്ടതു് എത്രയും അത്യാവശ്യമാകുന്നു.

ഇക്കാലത്തും കഥകളിയിൽ തല്പരന്മാരായ ചിലർ ഓരോ സ്ഥലങ്ങളിൽ 'ചൊല്ലിയാട്ട'ങ്ങളും മററും നടത്തിച്ചു് പ്രസ്തുത കലയെ പരിപോഷിപ്പിക്കാൻ ശ്രമിച്ചുകാണുന്നതു് എത്രയും പ്രശംസനീയംതന്നെ. ഇത്തരത്തിലുള്ള മഹാമനസ്കന്മാരും, യഥാൎത്ഥ സാഹിത്യരസവേദികളും, നടനകലാതല്പരന്മാരുമായ ജനങ്ങളുടെ പരിലാളനംകൊണ്ടു് കഥകളിയ്ക്കു് ശോഭനമായ ഒരു ഭാവിയുണ്ടാകുമെന്നു് ആശിച്ചുകൊണ്ടു് തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

ശുഭം.

---

ചികിത്സാസാരസംഗ്രഹാപരനാമകം

ചക്രദത്തം.

"ശുദ്ധാൎത്ഥദീപിക" എന്ന ഭാഷാവ്യാഖ്യാനസഹിതം.

പുരാതനങ്ങളായ പല ആയുൎവേദഗ്രന്ഥങ്ങളിൽനിന്നും ഇതുവരെ വെളിക്കുവരാത്തവയും സുഖസാദ്ധ്യങ്ങളും ആയ പല സിദ്ധയോഗങ്ങളെ കഷായം, ചൂൎണ്ണം, വടകം, തൈലം, ഘൃതം, ആസവം, അരിഷ്ടം മുതലായ രീതിയിൽ സംഗ്രഹിച്ചു ചക്രപാണി കവിയാൽ എഴുതിയിട്ടുള്ള ഒരു ഉത്തമവൈദ്യഗ്രന്ഥമാണു ഇതു്. ഇതിൽ ശരീരചികിത്സമുതൽ വാജീകരണവിധിവരെയുള്ള സകല ചികിത്സകളും സ്നേഹവിധി, വസ്തിവിധി, നസ്യവിധി മുതൽ ഒരു വൈദ്യൻ അറിഞ്ഞിരിക്കേണ്ട സകല കാൎയ്യങ്ങളും ൯൫-ൽപരം അധികാരങ്ങളിലായി വിവരിച്ചിട്ടുണ്ടു്. ൭൦൦ ൽ അധികം പേജുകളുള്ള ഈ മഹാഗ്രന്ഥത്തിന്റെ വില തല്ക്കാലം ൨ൽ രൂപാ മാത്രം.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

# ചന്ദ്രഹാസൻ.

(ആർ. മാധവപ്പൈ; തുറവൂർ.)

മഹാഭാരതയുദ്ധാനന്തരം പാണ്ഡവന്മാർ അശ്വമേധയാഗം നടത്തുവാനുദ്യമിച്ചു. അതിലേക്കായി അശ്വത്തെ വിട്ടുകൊണ്ട് അർജ്ജുനൻ സേനയുമൊന്നിച്ച് പുറപ്പെട്ടു. ചന്ദ്രഹാസൻ എന്ന ഒരു രാജാവ് അശ്വത്തെ തടുത്തുനിറുത്ത. ഉടനെ ആ രാജാവുമായി യുദ്ധം ചെയ്വാൻ അർജ്ജുനൻ സന്നദ്ധനായി. തദവസരത്തിൽ അവിടെ എത്തിച്ചേൎന്ന നാരദൻ ആ ഉദ്യമത്തിൽനിന്നും പാൎത്ഥനെ വിരമിപ്പിച്ചു. ഫൽഗുനന്റെ അപേക്ഷാനുസരണം ചന്ദ്രഹാസചരിത്രം നാരദമുനി പറഞ്ഞു കേൾപ്പിച്ചു. അതു് ഏകദേശം ഇപ്രകാരമാണ്:—

"ധൎമ്മാനുസാരം കേരളത്തെ ഭരിച്ചുവന്ന സുധാൎമ്മികൻ എന്ന മഹാരാജാവിനെ വധിച്ച്, സേനാപതിയായിരുന്ന ലോഹിതാക്ഷൻ സ്വയം രാജാവായിത്തീൎന്നു. സുധാൎമ്മികന്റെ പത്നിയും തന്റെ ഭൎത്താവിനെ അനുഗമിച്ചു. ഏകസന്താനമായ ഒരാൺകുട്ടിയെ വളൎത്തുന്നതിനായി രാജ്ഞി ഒരു ധാത്രിവശം ഏൽപ്പിച്ചിരുന്നു. ലോഹിതാക്ഷന്റെ ആൾക്കാരിൽനിന്നും രക്ഷപെട്ട് ആ വൃദ്ധ കുട്ടിയേയുംകൊണ്ട് കുന്തളരാജ്യത്തിൽ എത്തി; അവിടെ പാവപ്പെട്ട ഒരു കുടുംബത്തോടൊന്നിച്ച് താമസിച്ചു. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ആ വൃദ്ധയും മരിച്ചുപോവുകയാൽ കുട്ടി നിസ്സഹായനായി. ഒരുദിവസം അവൻ മറ്റുചില കുട്ടികളോടൊന്നിച്ചു കളിച്ചുകൊണ്ടു നടക്കുകയായിരുന്നു. അപ്പോൾ ആ രാജ്യത്തെ മന്ത്രിയായ ദുഷ്ടബുദ്ധിയുടെ ഗൃഹസമീപത്തുകൂടി കടന്നുപോന്നതിനിടയായി. കുട്ടിയെക്കണ്ട ഉടനെ ചില ജ്ഞാനികൾ അവന്റെ ഭാവിയെക്കുറിച്ചു ദീൎഘദൎശനം ചെയ്തു. അവൻ ഒരു കാലത്തു് കുന്തളരാജാവായിത്തീരും എന്നുതന്നെ ഒരു ജ്യോതിഷി അഭിപ്രായപ്പെട്ടു. മഹാരാജാവിന്റെ കാലശേഷം രാജ്യം തനിക്കു കൈവശപ്പെട്ടുമെന്നാശിച്ചുകൊണ്ടിരുന്ന ദുഷ്ടബുദ്ധിക്ക് ഇക്കാരണത്താൽ നമ്മുടെ ബാലനിൽ അസൂയതോന്നി. കൌശലത്തിൽ അവനെ പിടിച്ചു വധിക്കുന്നതിനായി ദുഷ്ടബുദ്ധി രണ്ടുപേരെ നിയോഗിച്ചു. അവർ ആജ്ഞാനിൎവ്വഹണത്തിനായി അവനെയും കൊണ്ടു ഘോരകാന്താരത്തിൽ പ്രവേശിച്ചു. പക്ഷെ അവനെ കൊല്ലത്തക്ക കഠിനഹൃദയം അവൎക്കുണ്ടായിരുന്നില്ല. പെരുവിരൽ

മുറിച്ചെടുത്ത് അവനെ അവിടെത്തന്നെ വിട്ടുകൊണ്ട് അവർ മടങ്ങി.

ചന്ദനാവതിരാജാവു് നായാട്ടിനായി ആ കാട്ടിൽ എത്തിച്ചേൎന്നു. അദ്ദേഹത്തിന് സന്താനമൊന്നുമുണ്ടായിരുന്നില്ല. കാട്ടിൽ കിടന്നു കരയുന്ന കോമളഗാത്രനായ ഈ ബാലനെ അദ്ദേഹം രാജധാനിയിൽ കൊണ്ടുചെന്ന് സ്വന്തം പുത്രനെപ്പോലെ വളൎത്തി. പ്രായപൂൎത്തിയായപ്പോൾ രാജ്യഭാരവും അവനെ ഏൽപ്പിച്ചു. ഇക്കാലത്ത് ഒരുദിവസം ദുഷ്ടബുദ്ധി ആ രാജ്യത്തിൽ എത്തുകയുണ്ടായി. ചന്ദ്രഹാസനെക്കണ്ടു് രാജ്യകാൎയ്യങ്ങളെപ്പററി പലതും സംസാരിക്കുകയും ചെയ്തു. കുന്തളരാജ്യത്തിൽ നടക്കുന്ന രാജ്യഭാരം ഏററവും ന്യായരഹിതമാണെന്നും വല്ലതരത്തിലും പ്രജകളെ ആ സങ്കടത്തിൽനിന്നും രക്ഷിച്ചാൽകൊള്ളാമെന്നുംദുഷ്ടബുദ്ധി ചന്ദ്രഹാസനോടു പറഞ്ഞു. താൻ പറയുന്ന സംഗതികൾ പരമാൎത്ഥമാണോ എന്നറിയുന്നതിന് ആളറിയിക്കാതെ കുന്തളത്തിൽ കുറച്ചു ദിവസം സഞ്ചരിച്ചാൽ മതിയാകുന്നതാണെന്നുംകൂടി മന്ത്രി ഉണൎത്തിച്ചു. ചന്ദ്രഹാസൻ അതിലേക്കു തയാറായി. തന്റെ മകനായ മദനന് ഒരെഴുത്തുംകൊടുത്ത് ദുഷ്ടബുദ്ധി ചന്ദ്രഹാസനെ കുന്തളരാജ്യത്തേക്കയച്ചു.

കുന്തളരാജപുത്രിയായ ചെമ്പകമാലിനി, മന്ത്രിപുത്രിയായ വിഷയ തുടങ്ങിയുള്ള യുവതികൾ ഉദ്യാനത്തിൽ വിഹരിക്കുകയായിരുന്നു. ഓരോരുത്തർ ഓരോ ഭാഗത്തേക്കു പോയകൂട്ടത്തിൽ വിഷയയും സഖി വിലാസിനിയും പശ്ചിമഭാഗത്തേക്കാണു തിരിച്ചതു. കുറച്ചുദൂരം നടന്ന് ഒരു അരയാൽക്കൂട്ടത്തിലെത്തിയപ്പോൾ അവിടെ ഒരു യുവാവു ശയിക്കുന്നതു് അവർ കണ്ടു. കോമളഗാത്രനായ ആ മനുഷ്യനെക്കണ്ടു് അവർ ലജ്ജിച്ചു് ഓടിപ്പോയി. എങ്കിലും വിഷയ ഏതോ ഒരു പ്രത്യേകശക്തിയുടെ ആകർഷണത്താൽ വീണ്ടും അവിടേക്കു ചെന്നു. യുവാവു് നിദ്രാധീനനായി കിടക്കുകയാണു. അയാളുടെ കുപ്പായക്കീശയിൽ കണ്ട ഒരെഴുത്ത് എടുത്തു വായിക്കുവാൻ വിഷയ ആഗ്രഹിച്ചു. അതവൾ കരസ്ഥമാക്കി. തന്റെ പിതാവു് സഹോദരന്നെഴുതിയ കത്താണതെന്നു കണ്ടപ്പോൾ അതു വായിച്ചുനോക്കുവാൻ അവൾക്കു ജിജ്ഞാസ വൎദ്ധിച്ചു. അവൾ തുറന്നു വായിച്ചു. "ഇവന് ഉടനെ വിഷം കൊടുക്കണം". (വിഷമസ്മൈ പ്രദാതവ്യം)എന്നാണ് അതിലെഴുതിയിരുന്നതു്. അതുകണ്ടു് അവൾ പരിഭ്രമിച്ചു. യുവാവിന്റെ രക്ഷയ്ക്കും തന്റെ അനുഗ്രഹസാഫല്യത്തിനുമായി അവൾ ഉടനെ ആ എഴുത്തിനെ "വിഷയാസ്മൈ പ്രദാതവ്യം" എന്നു തിരുത്തി പൂൎവ്വസ്ഥി

തിയിൽ നിക്ഷേപിച്ചു. അപ്പോൾ അവളുടെ കൈ തട്ടി അദ്ദേഹം ഉണൎന്നെങ്കിലും സഖികൾ വരുന്ന വിവരമറിഞ്ഞു് വിഷയ അവിടെ നിന്നും അകന്നുപോവുകയാൽ യാതൊന്നും സംസാരിക്കുവാൻ അവൎക്കു കഴിഞ്ഞില്ല.

വിഷയയും ചന്ദ്രഹാസനും ആ ഒരൊററ നോട്ടത്തിൽത്തന്നെ പരസ്പരം അനുരാഗമുളളവരായി. ദൈനന്ദിനം അതു ശക്തിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു. അതേസമയംതന്നെ ചെമ്പകമാലിനിയും ചന്ദ്രഹാസനെ ആഗ്രഹിച്ചു. എന്നാൽ അതദ്ദേഹം അറിഞ്ഞില്ല. വിഷയയുടെ ഹൃദയത്തിൽനിന്നും ചന്ദ്രഹാസനെ അകററി അദ്ദേഹത്തെ തൻെറ അടുക്കലേക്കു കൂട്ടിച്ചുകൊണ്ടുചെല്ലുവാൻ സൈരന്ധ്രി രാജകുമാരിയാൽ ആജ്ഞാപിതയായി. ഒരു ദിവസം രാത്രി ൧൨ മണിക്ക് ഉദ്യാനത്തിൽവച്ചു കാണുവാൻ വിഷയ ചന്ദ്രഹാസനെ ക്ഷണിച്ചു. ചന്ദ്രഹാസൻ അന്നുതന്നെ ഉദ്യാനത്തിൽ ചെന്നു. പക്ഷെ, വിഷയയെ കണ്ടില്ല. അവൾ തന്നെ ചതിച്ചതാണെന്നദ്ദേഹം ഊഹിച്ചു. സൈരന്ധ്രി ആ അഭിപ്രായത്തെ പിൻതാങ്ങുകയും ചെയ്തു. കിംബഹുനാ, അവൾ അദ്ദേഹത്തെ പാട്ടിലാക്കി ചെമ്പകമാലിനിയുടെ സ്വാധീനത്തിൽ കൊണ്ടുചെന്നു. അവിടെവച്ചു് അദ്ദേഹം രാജകുമാരിയേയും സ്നേഹിക്കുവാൻ തുടങ്ങി. എന്നു മാത്രമല്ല, താൻ സുധാൎമ്മികൻെറ പുത്രനാണെന്നും മററുമുളള പൂൎവ്വവൃത്താന്തങ്ങൾ അറിയുകയും ചെയ്തു. അവിടെനിന്നു് അദ്ദേഹം പിരിഞ്ഞു. ഒരു വെളുത്തവാവുന്നാൾ ചെല്ലുവാനാണ് വിഷയ ക്ഷണിച്ചിരുന്നതെന്നും തൻെറ അവിവേകത്താലാണ് എഴുത്തു കിട്ടിയ ഉടനെ ഉദ്യാനത്തിലേക്കു തിരിച്ചതെന്നും ചന്ദ്രഹാസനു് പിന്നീടു മനസ്സിലായി. വിഷയയുടെ പേരിൽ അദ്ദേഹത്തിനു തോന്നിയിരുന്ന ദൃഢാനുരാഗം അദ്ദേഹത്തെ അവളുടെ സമീപത്തേക്കു നയിച്ചു. വിഷയയുടേയും ചെമ്പകമാലിനിയുടേയും സ്നേഹത്തിനു തമ്മിലുളള വ്യത്യാസമെന്തെന്നു് ചന്ദ്രഹാസൻ മനസ്സിലാക്കി. തൻെറ ഹൃദയത്തെ പൂൎണ്ണമായി അദ്ദേഹം വിഷയയ്ക്കു ദാനം ചെയ്തു.

ചില അതിൎത്തിതൎക്കങ്ങൾ തീൎച്ചചെയ്യുന്നതിനായി പോയിരുന്ന മദനൻ തിരിച്ചുവന്ന ഉടനെ ചന്ദ്രഹാസൻ ദുഷ്ടബുദ്ധിയുടെ എഴുത്തു കൊടുത്തു. വലിയ സംശയംകൂടാതെ മദനൻ വിഷയാചന്ദ്രഹാസന്മാരുടെ വിവാഹവും നടത്തി. വേണ്ടിവരുന്നപക്ഷം ചെമ്പകമാലിനിയെക്കൂടി ഭാൎയ്യാസ്ഥാനത്തു സ്വീകരിക്കണമെന്നു വിഷയ ഭൎത്താവിനോടപേക്ഷിച്ചു. ദുഷ്ടബുദ്ധി തിരിച്ചെത്തി. താൻ വിഷംകൊടുക്കുവാനായയച്ചിരുന്നയാൾക്കു് മദനൻ വിഷ

യയെത്തന്നെ ദാനംചെയ്യുതറിഞ്ഞു് ദുഷ്ടബുദ്ധി അവശനായി. തൻെറ ദുഷ്ടബുദ്ധിത്വം ഉപേക്ഷിച്ചു് സൽസ്വഭാവിയായിരിപ്പാൻ അയാൾ തീർച്ചപ്പെടുത്തി.

മന്ത്രി ഒരുദിവസം രാജാവിനെ കാണ്മാൻ ചെന്നു. അതിനുമുമ്പുതന്നെ ഇയാളുടെ ദുഷ്ടതയെക്കുറിച്ചും ദുരാലോചനകളെക്കുറിച്ചും മഹാരാജാവിന്നറിവുകിട്ടിയിരുന്നു. അതിനാൽ രാജാവു് കണ്ടയുടനേതന്നെ മന്ത്രിയെ നിരാശനാക്കി അയച്ചു. തന്നിമിത്തം ദുഷ്ടബുദ്ധിയുടെ പഴയസ്വഭാവം വീണ്ടും തലപൊക്കി. ഏതു തരത്തിലും ചന്ദ്രഹാസനെ കൊല്ലണമെന്നുതന്നെ അയാൾ വീണ്ടും നിശ്ചയിച്ചു. അതിന്നായി കാളീക്ഷേത്രത്തിൽ ചിലരെ പറഞ്ഞുനിറുത്തിയിട്ടു് അയാൾ ചന്ദ്രഹാസനെ കാളീപൂജനത്തിന്നായി പറഞ്ഞയച്ചു. മദനനും ഒരുമിച്ചുണ്ടായിരുന്നു. കുറേവഴി നടന്നപ്പോൾ ചന്ദ്രഹാസനെ വിളിച്ചുകൊണ്ടുചെല്ലുന്നതിന്നായി രാജാവയച്ചിരുന്ന ആളുകൾ അവരെ കണ്ടുമുട്ടി. മദനൻ ക്ഷേത്രത്തിലേക്കും ചന്ദ്രഹാസൻ കൊട്ടാരത്തിലേക്കും പോയി. എല്ലാവരുടേയും അഭിപ്രായവും ഹിതവും അനുസരിച്ചു് ചെമ്പകമാലിനിയേയും രാജ്യത്തേയും മഹാരാജാവു് ചന്ദ്രഹാസന്നായ് ദാനംചെയ്തു.

മദനൻ ക്ഷേത്രസന്നിധിയിലെത്തിയ ഉടൻതന്നെ അവിടെ കാവൽനിന്നിരുന്ന ദുഷ്ടന്മാർ ആ സാധുവിനെ വധിച്ചു. തൻെറ മകൻതന്നെയാണു് കൊല്ലപ്പെട്ടതെന്നറിഞ്ഞ ദുഷ്ടബുദ്ധിയും അവിടെ എത്തിക്കൊണ്ടു് ആത്മഹത്യചെയ്തു. ഈ വിവരമറിഞ്ഞു് ചന്ദ്രഹാസനും ക്ഷേത്രത്തിലെത്തി ആത്മഹത്യയ്ക്കൊരുങ്ങിയപ്പോൾ ആ സാഹസത്തെ ഒരശരീരിവാക്കു് വിലക്കി. അതിനുശേഷം, കൊല്ലപ്പെട്ടവർ ജീവിക്കപ്പെട്ടു. ദുഷ്ടബുദ്ധി താൻ ചെയ്തിട്ടുള്ള സകല കുററങ്ങൾക്കും ചന്ദ്രഹാസനോടു മാപ്പപേക്ഷിച്ചു. കാലക്രമേണ ചന്ദ്രഹാസൻ രാജ്യത്രയങ്ങളുടെ മഹാരാജാവായി രാജ്യഭാരം നടത്തി. അദ്ദേഹത്തിൻെറ കാലത്തു്,

ക്ഷേമംനൽകുന്ന വർണ്ണാശ്രമവിധി നിലനി-
നീടിനാൻ മൂന്നുലോകം
പ്രേമത്തോടും നൃപൻതൻ പ്രജകളുടെ ഹിതം-
പോലെ രക്ഷിച്ചുവാണു
ക്ഷാമംകൂടാതെ വേണ്ടുംവിധമിഹ മഴയുംപെ-
യ്തുപോൽ ലോകരെല്ലാ-
മാമോദംപൂണ്ടസൂയാകലഹരുചികൾവി-
ട്ടൊത്തുവാണു വിശങ്കം.''

എന്നാണു പറയപ്പെട്ടിരിക്കുന്നതു്.

ഇതെല്ലാം നാരദൻ അൎജ്ജുനനെ പറഞ്ഞുകേൾപ്പിച്ചു. നേരിട്ടുചോദിച്ചാൽ അദ്ദേഹം അശ്വത്തെ വിട്ടുകൊടുക്കുമെന്നും നാരദൻ പറഞ്ഞു. അപ്രകാരം കാൎയ്യംസാധിച്ചു് അശ്വമേധയാഗം നിൎവ്വിഘ്നം നടത്തപ്പെട്ടു. ശ്രീകൃഷ്ണസ്വാമിയുടെ അനുഗ്രഹത്തോടെ പ്രാരംഭിക്കപ്പെടുന്ന സകല കൎമ്മങ്ങളും നിൎവ്വിഘ്നം നിൎവ്വഹിക്കപ്പെടുമല്ലോ.

---


## അതിശയഫലം ചെയ്യുന്ന അത്ഭുതചികിത്സ.

വിഫലമെന്നു തെളിയിക്കുന്നവൎക്കു് 500 രൂപാ സമ്മാനം.




Messrs. REDDY & CO:, Gopalapuram P;O, East Godavary Dist,

ഇരുപതാംനൂററാണ്ടിലെ അപൂൎവ്വമായ കണ്ടുപിടിത്തം മാറാവ്യാധികൾപോലും സുഖപ്പെടുന്നു ഏതുതരത്തിലും സ്ഥിതിയിലും ഇരിക്കുന്ന പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പാണ്ഡു തുടങ്ങിയ മററെല്ലാ ത്വൿരോഗങ്ങളും ഞങ്ങളുടെ അത്ഭുതകരമായ ഔഷധംകൊണ്ടു നിശ്ശേഷം സുഖപ്പെടുന്നതാകുന്നു. ഇതിനകം 40,000 രോഗികളെ സുഖപ്പെടുത്തിക്കഴിഞ്ഞു.

ഉഷ്ണപ്പുണ്ണു തുടങ്ങി ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളും, ഏതവസ്ഥയിലും സ്ഥിതിയിലുമായിരുന്നാലും അചിരേണ ഭേദപ്പെടുത്താവുന്നതാണു്.

ആൎത്തവസംബന്ധമായും ഗൎഭപാത്രസംബന്ധമായും ഉള്ള എല്ലാ രോഗങ്ങളേയും അല്പകാലത്തിനകം നിശ്ശേഷം സുഖപ്പെടുത്താം.

അധികവിവരങ്ങൾക്കു താഴെക്കാണുന്ന മേൽവിലാസത്തിൽ, ഇംഗ്ലീഷിൽ എഴുതുക.

Messrs. Reddy & Co., (Rega)
Gopalapuram Post,
(Via) Kottapata, East Godavary Dist.

# ഒരു കാത്തിരിപ്പ്.

(മഞ്ജരി)

(കെ. വി. രാമചന്ദ്രപ്പിള്ള, കാളേജുവിദ്യാൎത്ഥി)

സൽക്കവിവൎയ്യന്മാർ വൎണ്ണിച്ചുകാട്ടുന്നൊ-
രൎക്കന്റെയസ്തമയത്തെ നോക്കി
മന്ദമിരന്നും ജലരാശിതൻമുമ്പിൽ
ചെന്നിരിപ്പായിഞാൻവൈകിയപ്പോൾ
കല്ലോലമാലകൾകേറിവരുന്നേരം
മെല്ലെപ്പുറകോട്ടങ്ങൊട്ടുകയും
പെട്ടെന്നവകളിറങ്ങവേലജ്ജിച്ചു
പൊട്ടിച്ചിരിക്കയും ചെയ്തതെല്ലാം
മിത്രനൊഴിഞ്ഞൊരു ജീവിയുംകണ്ടില്ലെ-
ന്നത്രേനിനച്ചുഞാൻ കുട്ടിയെപ്പോൽ.
കാന്തികുറഞ്ഞതില്ലിപ്പൊഴുമൎക്ക. നേ-
കാന്തതയക്ഷമനാക്കിയെന്നെ;
അന്തിക്കുരണ്ടോളംനാഴികചെല്ലണം
ചിന്തതുടങ്ങിഞാൻ നേരംപോക്കാൻ:—
"മാൎത്താണ്ഡദേവ! ഭവാനുമുണ്ടാപത്ത-
തോൎത്തല്ലഞാൻ വിഷാദിപ്പു,പക്ഷേ
വേഗമപായമുണ്ടാകുന്നില്ലെന്നതി-
ലാകുലമുണ്ട,തിന്നായിത്തന്നെ
കാത്തിരിക്കുന്നതും മററുള്ള കൃത്യങ്ങൾ
വേണ്ടെന്നുവെച്ചിങ്ങുവന്നതുംഞാൻ.
വാരാശിതന്നുടെ സമ്പത്തുനിത്യവും
നീരാവിയാക്കിനീ കൊണ്ടുപോയാൽ
ശിക്ഷയില്ലാതെവിട്ടുമെന്നതോൎക്കേണ്ട-
യിക്ഷണംപൂകുമേ പാറാവിങ്കൽ."
പിന്നെജലാശയത്തോടുപറഞ്ഞുഞാൻ:—
"നിന്നെമഹാനെന്നുചൊൽവൂലോകം
എന്നാലും സൂൎയ്യനാം ശത്രുവിൽകാരുണ്യം
നന്നല്ല, മോചനമേകിടൊല്ലേ;
നാളെയുംമോഷ്ടിപ്പാൻതെല്ലുംമടിക്കില്ല

നാണവുംചെററിവനില്ലതന്നെ."
ഇങ്ങനെ ചിന്തിച്ചുനിൽത്തിഞാൻ, ലോകവും
മങ്ങിത്തുടങ്ങി; ഞാനാർത്തിയോടെ:
പശ്ചിമദിക്കിലേക്കോടിച്ചുകണ്ണുക-
ളാശ്ചര്യം! സൂര്യനെക്കണ്ടതില്ല!!
കാർമ്മേഘജാലംനിര നദിനേശനെ
ക്ഷിപ്രംമറച്ചുമദിച്ചുയൻ.

.............................

## ആയുർവ്വേദം.

(എം. എം. തമ്പി പുതുകുളം)

ഋഗ്വേദാദി ചതുഷ്ടയത്തേക്കാൾ പ്രധാനവും പഞ്ചമവേദമെന്നു വ്യവഹരിക്കപ്പെട്ടുവരുന്നതുമായ ആയുർവ്വേദത്തെപ്പററി നാതിവിസ്തരമായ ഒരു വിവരണം ചെയ്യണമെന്നുള്ളതാണ് ഈ ലേഖനോദ്ദേശ്യമെന്ന് ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ആയുർവ്വേദം എന്ന ശബ്ദത്തിന് പദവ്യുല്പത്തി അനുസരിച്ച് "അനേന ആയുർ വേദയതി" വിന്ദതി-വേത്തിവാ (ഇതുകൊണ്ട് ആയുസ്സിനെ അറിയുന്നു-ലഭിക്കുന്നു) എന്നും മററും അർത്ഥം കല്പിക്കാം. അതായത് ഇന്നവ ആയുസ്സിന്നു ഹിതം, ഇന്നവ അഹിതം എന്നു പ്രത്യേകം ഉൽബോധിപ്പിച്ചു തരുന്നതെന്നർത്ഥം. ചുരുക്കത്തിൽ ആയുസ്സിൻെറ വേദം (Sciance of Life) എന്നു പറഞ്ഞാൽ മതിയാകും. ഇതിൻെറ ഉല്പത്തിയെപ്പററി ചിന്തിക്കുമ്പോൾ അനാദികളായ വേദങ്ങളോടൊന്നിച്ചുണ്ടായി എന്നല്ലാതെ അതിപുരാതനമായ ഇതിൻെറ ഉല്പത്തിയെപ്പററി സൂക്ഷ്മം അറിയുന്നതിനു മററു മാർഗ്ഗങ്ങൾ കാണുന്നില്ല. വേദത്തെ ഇഹലോകഹിതങ്ങളും പരലോകഹിതങ്ങളുമായ വിവിധ ശ്രുതികളുടേയും സാമുദായാത്മികമെന്നു പറഞ്ഞുവരുന്നു. ബ്രഹ്മമുഖത്തിൽനിന്നും ഉത്ഭവിച്ച വേദത്തെ വ്യാസപ്രമുഖന്മാരായ മഹർഷിപുംഗവന്മാർ ഐഹികാപാരത്രികങ്ങളെ പ്രത്യേകം പ്രത്യേകം തിരിച്ച്, പാരത്രികശ്രുതിവിഭാഗത്തെ വീണ്ടും അതതു ഭിന്നങ്ങളായ കർമ്മാനുഷ്ഠാനാദി പ്രയോഗങ്ങൾക്കനുസരിച്ച്, ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ നാലായി വിഭജിച്ചു. അനന്തരം ഐഹികശ്രുതി വിഭാഗത്തിൽ ചികി

സാദ്ധ്യാരോഗ്യവിഷയങ്ങളെ പ്രതിപാദിക്കുന്ന ശ്രുതിവിഭാഗത്തെ തിരിച്ച് ആയുർവ്വേദമെന്നും, ശില്പവിഷയങ്ങളെ സംബന്ധിച്ചതിന 'സ്ഥാപത്യ' വേദമെന്നും, സംഗീതവിദ്യാബോധകങ്ങളായവകളെ 'ഗാന്ധർവ്വ'വേദമെന്നും അസ്ത്രശസ്ത്രാദിവിഷയങ്ങളെ സംബന്ധിച്ച ശ്രുതിവിഭാഗത്തിന്ന 'ധനുർവ്വേദ'മെന്നും നാമകരണം ചെയ്തു. ഇതിൽ ഋഗ്വേദാദിചതുഷ്ടയത്തിന്ന 'വേദങ്ങൾ' എന്നും, ആയുർവ്വേദാദികൾക്ക് 'ഉപവേദങ്ങൾ' എന്നും പേർ പറഞ്ഞുവരുന്നു. അതിന്നുശേഷവും അവശിഷ്ടങ്ങളായ ശ്രുതിവിഭാഗങ്ങളെ ഭാഗിച്ച് 'ജ്യോതിശ്ശാസ്ത്രം' മുതലായതുകളും നിർമ്മിക്കപ്പെട്ടു. അവയ്ക്കു് 'വേദാംഗങ്ങൾ' എന്നു പേരിട്ടു. അതിനാൽ ആയുർവ്വേദം, വേദസമാനകാലോല്പന്നമെന്നുതന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. വേദങ്ങളിലും പുരാണങ്ങളിലും ആയുർവ്വേദത്തെപ്പററി ധാരാളം പ്രസ്താവിച്ചിരിക്കകൊണ്ടും മേൽപ്പറഞ്ഞ ഊഹത്തിന്നുറപ്പു നൽകുന്നുണ്ടു്. ഋഗ്വേദത്തിൽ - "സുമിത്ര്യാന ആപ ഓഷധയഃ"—എന്നും, യജുർവ്വേദത്തിൽ—"ത്രിർനോ അശ്വിനാദിവ്യാനിഭേഷജാനി"—എന്നും, അഥർവ്വവേദത്തിൽ—"രജനിരജ്ജയകിലാസം പലിതം ചയൽ ആസുരീചക്രേപ്രഥമേദം കിലാസഭേഷജമിദം"—എന്നും, ബ്രഹ്മവൈവർത്തപുരാണം ബ്രഹ്മഖണ്ഡം പതിനാറാംഅദ്ധ്യായത്തിൽ "ഋഗ്യജൂർസാമാഥർവ്വാഖ്യാൻ ദൃഷ്ട്വാദേവാൻ പ്രജാപതിഃ വിചിന്ത്യതേഷാമർത്ഥംചൈവായുർവേദം ചകാരസഃ കൃത്വാതുപഞ്ചമം വേദം" എന്നും പറഞ്ഞിരിക്കുന്നു. ഇത്യാദി പല ന്യായങ്ങൾ കൊണ്ടും ആയുർവ്വേദത്തിൻെറ ഉത്ഭവം മററു വേദങ്ങളുടെ കാലത്തു തന്നെ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈദൃശമായ ആയുർവ്വേദം ഋഗ്വേദത്തിൻെറ ഉപവേദമെന്നും അഥർവ്വവേദത്തിൻെറ ഉപവേദമെന്നും അഭിപ്രായവ്യത്യാസമുണ്ടു്. കാത്യായന (വ്യാസ) ഭഗവാൻ ആയുർവ്വേദം ഋഗ്വേദത്തിൻെറ ഉപവേദമെന്നു സിദ്ധാന്തിച്ചിരിക്കുന്നു. അദ്ദേഹം തൻെറ 'ചരണവ്യൂഹ'മെന്ന ഗ്രന്ഥത്തിൽ "ഋഗ്വേദസ്യായുർവേദ ഉപവേദഃ" എന്നു പറഞ്ഞിരിക്കുന്നു. അതല്ലാ, അഥർവ്വവേദത്തിൻെറ ഉപവേദമെന്നു് സുശ്രുതസംഹിതയിൽ സൂത്രസ്ഥാനം ഒന്നാംഅദ്ധ്യായത്തിൽ "ആയുർവേദമഷ്ടാംഗമഥർവ്വവേദസ്യ" എന്ന വചനംകൊണ്ടു സാധിച്ചിരിക്കുന്നു. ചരകാചാര്യരാകട്ടെ അദ്ദേഹത്തിൻെറ സൂത്രസ്ഥാനം മുപ്പതാമദ്ധ്യായത്തിൽ "തത്രഭിഷജാപൃഷ്ടേനൈവം ചതുർണ്ണാമൃക്സാമയജുരഥർവ്വവേദാനാം ആത്മനോഥർവ്വവേദേ ഭക്തിരാദേശ്യാ വേദാനി അഥർവ്വണഃ സ്വസ്ത്യയനബലിമംഗലഹോമനിയമപ്രായശ്ചിത്തോപവാസമന്ത്രാദി പരിഗ്രഹാച്ചികിത്സാം പ്രാഹ" എന്നും പറഞ്ഞിരിക്കു

ന്നു. സുശ്രുതത്തിൽതന്നെ മറെറാരുഭാഗത്തു് മേൽപ്പറഞ്ഞ രണ്ടു പക്ഷത്തിലും യോജിക്കാതെയും എന്നാൽ ഇഷ്ടാനുസരണം യോജിക്കാവുന്നതായും ഉള്ള "ബ്രഹ്മാ വേദാംഗമഷ്ടാംഗമായുർവ്വേദമഭാഷത" എന്ന വാക്യത്താൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ ഭിന്നാഭിപ്രായങ്ങൾ എങ്ങിനെ ഇരുന്നാലും ആയുർവ്വേദത്തിന്നു് അഥർവ്വവേദത്തോടൊരുപ്രത്യേകബന്ധമുണ്ടെന്നു പറയാതിരിപ്പാൻ നിവ്വാഹമില്ല. ആരോഗ്യസിദ്ധിക്കുവേണ്ടിയുള്ള ബലികൾ, ഹോമങ്ങൾ, വ്രതങ്ങൾ, പ്രായശ്ചിത്തങ്ങൾ, ഉപവാസവിധികൾ മുതലായ ആയുർവ്വേദസംബന്ധമായ കാൎയ്യങ്ങൾ എല്ലാം അഥർവ്വവേദത്തിലാണു വിധിച്ചിരിക്കുന്നതു്. തന്നിമിത്തവുംമററും ആയുർവ്വേദഭിഷക്കുകൾക്കു അഥർവ്വവേദത്തിൽപ്രത്യേക താൽപൎയ്യവും ഭക്തിയും ഉണ്ടായിട്ടുണ്ടു്. ആയുർവ്വേദത്തെ ബ്രഹ്മാവു് ദക്ഷപ്രജാപതിക്കും ദക്ഷൻ അശ്വിനീദേവകൾക്കും അശ്വിനീദേവകൾ ഇന്ദ്രനും ഉപദേശിച്ചുകൊടുത്തിട്ടുള്ളതായി ആയുർവ്വേദഗ്രന്ഥങ്ങളിൽ കാണുന്നു. ഇന്ദ്രൻ ഭരദ്വാജമഹൎഷിക്കും ധന്വന്തരിയുടെ അവതാരമെന്നു വിശ്വസിക്കപ്പെട്ടുവരുന്ന 'ദിവോദാസ' രാജൎഷിക്കും ഉപദേശിച്ചുകൊടുത്തിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു. ഭരദ്വാജനിൽനിന്നു് ആത്രേയനും ആത്രേയനിൽനിന്നു് അഗ്നിവേശാദികളും പഠിച്ചു് ഗുരുശിഷ്യപരമ്പരയായി പ്രചരിപ്പിച്ചുവന്നിരുന്നു. ഭരദ്വാജപരമ്പരയിൽ ഔഷധചികിത്സാപ്രധാനമായ ആയുർവ്വേദത്തെയും, ധന്വന്തരിയിൽനിന്നും ഉപദേശം സിദ്ധിച്ച സുശ്രുതനും തൽശിഷ്യപരമ്പരയും ശസ്ത്രചികിത്സാപ്രധാനമായ ആയുർവ്വേദത്തെയും പ്രചരിപ്പിച്ചുവന്നിരുന്നു. ഭരദ്വാജൻ ബ്രാഹ്മണനും ധന്വന്തരി (ദിവോദാസൻ) ക്ഷത്രിയനും ആകയാൽ രണ്ടുപേരും അവരവരുടെ സ്വതസ്സിദ്ധമായ വാസനാബലത്തേയും മനഃസ്ഥിതിയേയും ആശ്രയിച്ചു് ഔഷധശസ്ത്രപ്രധാനമായ ചികിത്സാമാൎഗ്ഗങ്ങളെ സ്വീകരിച്ചു് ശിഷ്യപരമ്പരാസഹിതം തത്തൽ ശാഖകളിൽ വേണ്ടവിധം അഭിവൃദ്ധിയും പരിഷ്കാരവും ചെയ്തുകൊണ്ടുതന്നെയിരുന്നിരുന്നു. അക്കാലത്തു് ശല്യചികിത്സ (ശസ്ത്രപ്രയോഗം) അഭിവൃദ്ധനിലയെത്തന്നെ പ്രാപിച്ചിട്ടുണ്ടായിരുന്നു. അതിനാൽ ശസ്ത്രവൈദ്യന്മാരെ ധന്വന്തരീയന്മാരെന്നും, ചിലപ്പോൾ ധന്വന്തരി എന്നും വിളിച്ചുവന്നിരുന്നു. ധന്വന്തരിയെ വിഷ്ണുവിൻെറ അവതാരമെന്നു സാധാരണയായി വിശ്വസിക്കപ്പെട്ടിരിക്കുന്നു. പാലാഴിമഥനാവസരത്തിൽ അമൃതകുംഭവും കയ്യിലേന്തിക്കൊണ്ടു പ്രത്യക്ഷനായ ഭഗവാൻ, ഭൂലോകത്തിൽ രോഗപീഡിതരായ നിരവധി ജനങ്ങളുടെ ക്ലേശഭൂയിഷ്ഠമായ അവസ്ഥകണ്ടു ദയവുതോന്നിയ ദേവേന്ദ്രൻെറ അപേക്ഷാനുസരണം ഭൂ

തലവാസികളുടെ രോഗശമനാൎത്ഥം കാശിരാജവംശത്തിൽ ദിവോദാസനെന്ന പേരോടുകൂടി അശ്വയുജമാസത്തിലെ കൃഷ്ണത്രയോദശിദിവസം ഭൂലോകജാതനായി എന്നു പുരാണങ്ങൾ ഘോഷിച്ചിരിക്കുന്നു. മാത്സ്യപുരാണത്തിലും കൂൎമ്മപുരാണത്തിലും ബ്രഹ്മവൈവൎത്തപുരാണത്തിലും ഇതിനെ വിശദീകരിച്ചിട്ടുണ്ട്. ഗാരുഡപുരാണത്തിൽ ശ്രീഭഗവാൻ നാരദനോടു പറയുന്ന ഭാഗംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"സമാശ്വസിഹി ഭദ്രം തേ മാ ഭീഃ കാൎയ്യാ മുനേ! ത്വയാ
അഹം ധന്വന്തരിർ ഭൂത്വാ അഭിഗമ്യ മദുരാപതഃ
ആയുൎവ്വേദം കരിഷ്യാമി സൎവ്വാൻ ലോകാൻ നിരാമയാൻ
ദേവപ്രാൎത്ഥനയാ ഭൂയോ ദിവോദാസാഖ്യയാ ത്വഹം
വാരാണസ്യാം ഭവിഷ്യാമി കാശിരാജാഖ്യയാ മുനേ!
അശ്വിനേ കൃഷ്ണപക്ഷേ തു ത്രയോദശ്യാം ഗുരോൎദ്ദിനേ
സവിതാ ഋക്ഷസംയുക്തേ അവതീൎയ്യ മുനേ! പുനഃ
ആയുൎവ്വേദസ്യ ചോദ്ധാരം കരിഷ്യാമ്യത്ര സംശയം
മാ കുരുഷ്വാത്ര ഭോ വത്സ! സ്വസ്ഥസ്തിഷ്ഠമമാഗ്രതഃ......"

ഇങ്ങനെ ആയുൎവ്വേദപ്രചാരത്തിന്നു ഭൂമിയിൽ ആദിപുരുഷന്മാർ ഔഷധചികിത്സയിൽ ഭരദ്വാജനും ശസ്ത്രചികിത്സയിൽ ധന്വന്തരിയുമാകയാൽ അവരുടെ ശിഷ്യപരമ്പരയെ ഭരദ്വാജപരമ്പര എന്നും ധന്വന്തരിപരമ്പര എന്നും പേർ വിളിച്ചുവരുന്നു. ഭരദ്വാജപരമ്പരയിൽ ആത്രേയനും ധന്വന്തരിപരമ്പരയിൽ സുശ്രുതനും നിരന്തരപരിശ്രമത്താലും അന്യാദൃശനൈപുണ്യംകൊണ്ടും ലോകമെങ്ങും പ്രശസ്തകീൎത്തിമാന്മാരായിത്തീൎന്നു.

സുശ്രുതൻ വിശ്വാമിത്രമഹൎഷിയുടെ പുത്രനെന്നു പറയപ്പെട്ടിരിക്കുന്നു. മേൽവിവരിച്ച ഉഭയപരമ്പരകളിലും ഉള്ള അനേകംപേർ പ്രത്യേകം പ്രത്യേകം അതതുശാഖകളിൽ വൈദ്യഗ്രന്ഥങ്ങൾ നിൎമ്മിച്ചു പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഓരോരുത്തരും നിൎമ്മിച്ചിട്ടുള്ള ഗ്രന്ഥങ്ങൾക്ക് അവരവരുടെ നാമങ്ങൾകൊണ്ടുതന്നെ നാമകരണങ്ങളും നിറവേററിവന്നിരുന്നു. ചരകൻ നിൎമ്മിച്ചതിന്നു ചരകമെന്നും സുശ്രുതൻ നിൎമ്മിച്ചതിന്നു സുശ്രുതമെന്നും വാഗ്ഭടൻ നിൎമ്മിച്ചതിന്നു വാഗ്ഭടം എന്നും മററും ഉദാഹരണങ്ങളായി സ്വീകരിക്കാം.

(തുടരും)

# * പഴയ രണ്ടു കീൎത്തനങ്ങൾ.

(പനച്ചിക്കൽ രാമൻപിള്ള, അയിരൂർ.)

## I.

അ,റിവാനരുതെ മറിമായം
പൊരുവാനരുതെ രിപുവോടും
കരുണാകരനാം തൻകൃപയെന്യെ
ശരണംനഹി മമ നാരായണജയ. 1

ആ,രോടും ഞാനപരാധം
കാരണപുരുഷാ ചെയ്തില്ലേ
മാരണമാദികളാകിയ ദോഷം
തീരണമധുനാ നാരായണജയ. 2

ഇ,ങ്ങിനെ വരുമെന്നൊരുനാളും
എൻമനതാരിൽ നിനച്ചില്ലേ
മംഗലമാശു ഭവിപ്പതിനരുളുക
നന്ദതനൂജാ! നാരായണജയ. 3

ഈ,വണ്ണം വരുമാപത്തും
രോഗവുമൊക്കെയൊഴിപ്പാനായ്
താനേഗതിയെന്നല്ലാതെമ-
റ്റില്ലാധാരം നാരായണജയ. 4

ഉ,റ്റവരായിട്ടുള്ളോരും
മറ്റുസുഹൃത്തുകളായോരും
ചുറ്റുമിരിക്കിലുമെന്നുടെ ദുരിതം
മാറ്റാമോ ഹരിനാരായണജയ. 5

ഊ,റ്റമതായൊരു രിപുദോഷം
മാറ്റാവല്ലിതു കരുണാബ്ധേ!
പോറ്റീ തൻകൃപകൊണ്ടിതുമാറ്റി
തോറ്റേണം ഹരിനാരായണജയ. 6

---

* ഈ കീൎത്തനങ്ങൾ ഒരു ഭക്തൻ ചൊല്ലിക്കേട്ടുണ്ടായ ആനന്ദത്താൽ പകൎത്തി എടുത്തിട്ടുള്ളതാണ്. പഴയ കീൎത്തനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന വിദ്യാഭിവൎദ്ധിനിക്ക് ഇതും ഒരലങ്കാരമായി ഭവിക്കട്ടെ.

എ,ള്ളിലെയെണ്ണ കണക്കേതാൻ
ഉള്ള ചരാചരജന്തുക്കൾ-
ക്കുള്ളിൽവിളങ്ങുകനാഥനതെങ്കിൽ
ഉള്ളിൽവിളങ്ങുക നാരായണജയ. 7

ഏ,താനുംഞാനപരാധം
ചേരാതെചെയ്തോന്നെങ്കിൽ
പാദാദികളാൽ രോഗമകററുക
നാഥനമസ്തേ നാരായണജയ. 8

ഐ,യമെനിക്കു വരുത്താതെ
ഐഹികസുഖമരുളഖിലേശാ
കൈവല്യമിനിദേഹവിനാശേ
കൈവരണംമമ നാരായണജയ. 9

ഒ,മ്പതുദശവധിയുള്ളവനും
പങ്കജസംഭവനാദികൾക്കും
തൻകൃപയുണ്ടെന്നാകിലവക്കൊരു
സങ്കടമെന്തിനു നാരായണജയ. 10

ഓ,താവല്ലിതു തൻചരിതം
വേധാവിന്നും വഴിപോലെ
ദേഹവിനാശേ തവനാമങ്ങളെ
ഓതാകേണം നാരായണജയ. 11

ഔ ഷധവീര്യമിതോക്കുമ്പോൾ
ഔഷധിയായതുതാൻതന്നെ
ഔഷധിയെന്തിനു കരുണാസുധാ
ഔഷധിയാക്കുക നാരായണജയ. 12

അം,ഭോജദലലോചനനേ
അംബുജസംഭവവന്ദിതനേ
തൻകൃപകൊണ്ടിനിയെന്നുടെരിപുജന-
സംഗ,മകററുക നാരായണജയ. 13

അ,രുണാരുണസമചരണയുഗം
താനെമററൊരുഗതിയില്ലേ
തിരുവാറന്മുളെ വാഴുംനാഥാ!
നാഥനമസ്തേ; നാരായണജയ. 14

SRI KRISHNAVILASAM ... MALAYINKEEL

II.

ക,രളിൽവിവേകം കൂടാതെക-
ണ്ടേരനിമിഷംബത കളയരുതാരും
മരണംവരുമിനിയെന്നുനിനച്ചിഹ
കരുതുകസതതം നാരായണജയ. 1

കാ,ണുന്നു ചിലർ പലതുമുപായം
കാണുന്നില്ല മരിക്കുമിതെന്നു്
കാങ്കിലുമൊരുനൂററാണ്ടിനകത്തി-
ല്ലെന്നേകാണു നാരായണജയ. 2

കി,മപിവിചാരിച്ചീടുകിൽ മാനുഷ-
ജന്മംവേണം മുക്തിവരേണ്ടുകിൽ
കൃമിജന്മത്തിലുമെളുതായ് വരുമോ
വിഷയസുഖംബത! നാരായണജയ. 3

കീ,ഴിൽചെയ്ത ശുഭാശുഭകർമ്മം
മേലിൽസുഖദുഃഖത്തിനുകാരണം
സുഖമൊരുദുഃഖംകൂടാതെകണ്ടോ-
രുവനുമുണ്ടോ നാരായണജയ. 4

കു,ന്നുകൾപോലെ ധനമുണ്ടാകിലും
ഇന്ദ്രനുസമമായ് വാണീടുകിലും
ഒന്നുരിയാടുവതിന്നിടകിട്ടാ
വന്നാൽ യമഭടർ നാരായണജയ. 5

കൂ,പേവീണുഴലുന്നതുപോലെ
ഗേഹേവീണുഴലുന്ന ജനാനാം
ആപദ്ഗണമകലേണ്ടുകിൽ മുനിജന-
വാക്കുകൾപറയാം നാരായണജയ. 6

കെ,ട്ടുകളായതു കർമ്മംപുരുഷനു
കെട്ടുകളറേറ മുക്തിവരുദ്ദൃഢം
കെട്ടുകളുംബത! ഭക്ത്യാതീരും
കെട്ടായിനിയും നാരായണജയ. 7

കേ,ൾക്കണമെളുതായുണ്ടുരഹസ്യം
ദുഷ്കൃതവുംനിജ സുകൃതവുമെല്ലാം
കാക്കൽനമസ്കൃതി ചെയ്യമുകുന്ദനി-
ലാക്കുകസതതം നാരായണജയ. 8

കൈ,യിൽവരുന്നതുകൊണ്ടുദിനങ്ങൾ
കഴിക്കഫലംപുനരിച്ഛിക്കൊല്ലാ
കൈവരുമാകിലുമിന്ദ്രന്റെപദ-
മെന്തിനുതുച്ഛം നാരായണജയ. 9

കൊ,ടിയതപസ്സുകൾ ചെയ്തോരോഫലം
ഇച്ഛിച്ചീടുകിൽ മുക്തിവരാദൃഢം
അടിമലർതൊഴുകിലൊരിച്ഛാഹീനം
മുക്തന്മാരവർ നാരായണജയ. 10

കോ,പംകൊണ്ടുഹനിക്കരുതാരും
ഭഗവന്മയമെന്നോർക്കസമസ്തം
ഭഗവൽഗുണകഥനങ്ങളൊഴിഞ്ഞി-
ട്ടൊരുവനുമുണ്ടോ നാരായണജയ. 11

കൌ,തുകമൊന്നിലുമില്ലിനിമഹതാം
ഭഗവദ്ഭക്തന്മാരൊടുകൂടി
അടിമലർതൊഴുകിലൊരിച്ഛാഹീനം
മുക്തിവരുംമേ നാരായണജയ. 12

ക,രുണാകരനാം ശ്രീനാരായണ-
നരുളീടുന്നിതു സായുജ്യത്തെ
ഒരുഫലമുണ്ടോപതിനായിരമുരു
ചത്തുപിറന്നാൽ നാരായണജയ. 13

ബ,ഹുജന്മാർജ്ജിത കർമ്മവിശേഷാൽ
തിരുമുൽക്കാഴ്ച നിനക്കിഹവച്ചേൻ
ജനിമരണങ്ങളെനിക്കിനിവേണ്ടാ
പരിപാലയമാം നാരായണജയ. 14

---

# സുതയും സ്നുഷയും.

(ആർ. എം. ആനാപ്പുഴ.)

അവളുടെ ശരിയായപേർ അതല്ല. അവളുടെ ലജ്ജാദി വികാരങ്ങളാൽ പലരും അങ്ങിനെ വിളിക്കുന്നു എന്നേ ഉള്ളു. തനിക്ക് ഇഷ്ടമുള്ളവരിൽനിന്ന് കറുത്ത ഒരു വാക്കു കേട്ടാൽ തൽക്ഷണം അവളുടെ മുഖം ലജ്ജാവ്യസനങ്ങളാൽ വ്യാപൃതമായും, കണ്ണുകളിൽ വെള്ളം നിറഞ്ഞും മഞ്ഞിൻതുള്ളികളാൽ തണുത്ത ഒരു പുഷ്പംപോലെയായും ഭവിക്കും. വല്ലവരും അവളെ ചിരിപ്പിച്ച് സന്തോഷിപ്പിക്കുവാൻ തുടങ്ങിയാൽപോലും അവൾക്ക് എന്തെന്നില്ലാത്ത നാണമുളവാകും. തന്മൂലം ആളുകൾ അവളെ "ലജ്ജാവതി" അല്ലെങ്കിൽ "തൊട്ടാമയങ്ങി" എന്നുകൂടി വിളിച്ചുപോന്നു.

ഗുരുഭൃത്യന്മാർക്ക് അവളെ വലിയ കാര്യമായിരുന്നു. ഈ നാണമെല്ലാം സ്നേഹപരിപൂർണ്ണമായ ഹൃദയത്തിൻെറ വികാരഭേദമെന്നു മാത്രം അവരൊക്കെ സമാധാനിച്ചു. പിന്നെ ആരാണ് ലജ്ജാവതിയെ സ്നേഹിക്കാതിരിക്കുക! ഇങ്ങനെ അനന്ദാതിരേകമായി അവളുടെ കുട്ടിക്കാലം കഴിഞ്ഞു.

ഇതാ പരിവർത്തനഘട്ടം—എല്ലാ ഹൈന്ദവ യുവതികൾക്കും സംജാതമാകുന്ന ആ പരിവർത്തനഘട്ടം—ആസന്നമായി അവളുടെ പന്ത്രണ്ടാമത്തെ വയസ്സിൽ വിവാഹിതയായി അവൾ ഭർത്തൃഭവനപ്രവേശനം ചെയ്തു.

ഹാ! സാധുലജ്ജാവതി! നവീനവും അപരിചിതവും ആയ യാതൊന്നിനെ പററിയും യാതൊരു എത്തും പിടിയും അവൾക്ക് ഇല്ല. സൂര്യപ്രകാശമുള്ള ദിവസങ്ങളിൽ ഉത്സാഹഭരിതയായും, മൂടൽദിനങ്ങളിൽ കൂമ്പിയ പുഷ്പംപോലെയായും അവൾ കാണപ്പെട്ടു. ദിനംതോറും പ്രവൃദ്ധമാകുന്ന തെററിദ്ധാരണ അവളെ കണ്ണീർ കുടിപ്പിച്ചു തുടങ്ങി.

"ഇതവളുടെ കുററമാണ് തെളിയിക്കുന്നത്. കുററക്കാരിയല്ലെങ്കിൽ അവൾ എന്തിനു കരയുന്നു" എന്ന് അവളുടെ ദുഷ്ടയായ ശ്വശ്രു പറയുക പതിവായി.

തൻെറ ഭർത്താവിന് അവളെ വലിയ സ്നേഹമാണ്; പക്ഷെ പലപ്പോഴും അവളുടെ കുററത്തെപ്പററി കേൾക്കയാൽ അയാളും എന്തെന്നില്ലാതെ കുപിതനായി ഭവിച്ചു.

ഇങ്ങനെ ഒരു വ്യാഴവട്ടക്കാലം മുഴുവനും കഴിഞ്ഞു; എന്നിട്ടും ആ സാധുവിന് സമാധാനമാർഗ്ഗമോ, തന്റെ അന്തരംഗം വെളിപ്പെടുത്തുവാനുള്ള തരമോ ഉണ്ടായില്ല.

ഓരോരുത്തൎക്കും ഓരോ കാലമുണ്ട്. വ്യസനപരവശയായ ലജ്ജാവതിയുടെ ജീവിതത്തിന്നും ഒടുവിൽ ഒരു മാററം സംഭവിച്ചു!

വർഷകാലത്ത് തെളിമയുള്ള ഒരുദിവസം അവളുണൎന്നപ്പോൾ സൂൎയ്യകിരണങ്ങൾ അകത്ത് പ്രവേശിച്ചതായി കണ്ടു! പെട്ടന്ന് കിടക്ക തെറുത്തുവെച്ച് സൂൎയ്യനെ വന്ദിച്ചു! കുളിമുതലായത് ധൃതിയിൽ കഴിച്ചശേഷം അടുക്കളജ്ജോലിക്ക് സന്നദ്ധയായി. തന്റെ ഭർത്തൃസഹോദരപത്നി (ജ്യേഷ്ഠത്തി) ഇനിയും അടുക്കളയിൽ എത്തീട്ടില്ല. ഇന്നവരുടെ ഊഴമായതിനാൽ, ലജ്ജാവതി കഷണങ്ങൾ നുറുക്കി വിറകു മുതലായവ ഒരുക്കി അടുപ്പിൽ തീപിടിപ്പിച്ചു. തന്റെ ജോലി അവസാനിച്ചപ്പോഴെക്കും ശ്വശ്രൂ അടുക്കളയിലെത്തി. ഈ പന്ത്രണ്ടുകൊല്ലത്തിനുള്ളിൽ ശ്വശ്രൂ ആദ്യമായി തന്നോട്ട് സന്തോഷപ്രകടനം ചെയ്യുകയെന്നത് സംഭാവ്യമോ എന്ന് അവൾ അതിശയിച്ചു.

"ചൊട്ടാബൊബു! (കനിഷ്ഠസ്നുഷേ!) നീ കേട്ടില്ലേ? ഫുല്ലകുമാരി വരുന്നുണ്ടെന്ന് നീ അറിഞ്ഞില്ലേ."

ഈ പറഞ്ഞത് എന്തു് മധുരസ്വരത്തിലാണ്! കൎണ്ണശല്യമായ ശബ്ദമുള്ള ശ്വശ്രൂവിന് ഇത്തരം സ്വരമാധുൎയ്യം ഉണ്ടെന്ന് ലജ്ജാവതിയല്ല, ആരുതന്നെ വിശ്വസിക്കും!

"ഫുല്ലകുമാരി വരുന്നുണ്ട്!" എന്ന് സന്തോഷപൂൎവ്വം പറഞ്ഞതിന്നിടയിൽ അവൾ തന്റെ കൈവിരൽ മുറിച്ചു. ശ്വശ്രൂ കണ്ടേക്കുമോ എന്ന് ഭയന്ന് ഉടനെ വിരൽ സാരിയുടെ ഉള്ളിൽ മൂടി.

അവളുടെ ആനന്ദം അതിരില്ലാതായി. ഫുല്ലകുമാരി—തന്റെ ഭർത്തൃജ്യേഷ്ഠസഹോദരി— അവൾ അവിടെ വരുന്നതിന്ന് രണ്ടു കൊല്ലം മുമ്പുതന്നെ വിവാഹിതയായി ഭർത്തൃഗൃഹത്തിലേക്ക് പോയിരുന്നതിനാൽ അവൾ ഫുല്ലകുമാരിയെ കണ്ടിട്ടുകൂടിയില്ല. ഫുല്ലകുമാരിയുടെ ശ്വശുരൻ പഴയ മാമൂലനുസരിച്ച് നടക്കുന്ന ഒരു ജമിന്ദാരായതിനാൽ സ്നുഷയെ തന്റേതിലും മോശസ്ഥിതിയിലുള്ള അവളുടെ ഭവനത്തിലേക്കു പോകുവാൻ അദ്ദേഹം അനുവദിക്കാറില്ല. പഴയ മാമൂലിന് അണുപോലും തെററാതെ നടക്കുന്ന ദുരാഭിജാത്യരായ പഴമക്കാരെപ്പോലെതന്നെ ഈ ശ്വശുരനും സ്നുഷയെ അവളുടെ വീട്ടിലേക്ക് അയയ്ക്കുന്നതു തനിക്കു അഭിമാനക്ഷ

യമാണെന്നും അഥവാ വേണമെങ്കിൽ അവളുടെ അമ്മ മുതലായി വീട്ടിലുള്ളവൎക്ക അവളെ വന്നുകണ്ടോട്ടെ എന്നും മററും വിചാരിച്ചിരുന്നു.

തന്മൂലം സാധുഫുല്ലകുമാരിക്ക തന്റെ കുട്ടിക്കാലം കഴിച്ചുകൂട്ടിയ വീട്ടിലേക്ക പോരുവാൻ ഇതേവരെ സാധിച്ചില്ല. കാലചക്രത്തിരിച്ചിലിനാലോ എന്തോ, ഇപ്പോൾ അവളുടെ ശ്വശുരൻ അതിന്നു അനുവാദം നൽകി. ഇങ്ങനെ പതിന്നാലു കൊല്ലങ്ങൾക്കുശേഷം ഫുല്ലകുമാരി വീണ്ടും സ്വഗൃഹത്തിൽ പ്രവേശിക്കുന്നു!

ലജ്ജാവതിക്ക അധികം ആലോചിക്കുവാൻ ഇടകിട്ടിയില്ല. അപ്പോഴേക്കും ശ്വശ്രു ഓരോന്നു കല്പിച്ചുതുടങ്ങി. അന്നു ആരാണു വെക്കേണ്ടതു്. ജ്യേഷ്ഠത്തി; കൊള്ളാം; ഫുല്ലകുമാരി ഒരു വലിയ കുബേരന്റെ സ്നുഷയാണെന്നു ഓൎമ്മവേണം; എന്നല്ല, ഭൎത്തൃഗൃഹപ്രവേശനത്തിനുശേഷം അവൾ ആദ്യമായി പിതൃഗൃഹത്തിലേക്ക വരികയുമാണു്. അതോ വളരെക്കാലം കൂടീട്ടതാനും. ഒക്കെ ശരിയായി തയ്യാറാക്കണം.

ഈ കല്പനയ്ക്കുശേഷം ശ്വശ്രു അവിടെനിന്നും പോയതിനാൽ ലജ്ജാവതിക്ക ആലോചിക്കുവാൻ അവസരം കിട്ടി. അവൾ ഫുല്ലകുമാരിയെ ഇതിനുമുമ്പു കണ്ടിട്ടില്ലല്ലോ. ഫുല്ലകുമാരി വരുന്നതു അവൾക്കൊരു സുദിനംതന്നെ. ഈ ആഗമനം തന്റെ ഭാഗ്യോദയത്തിന്റെ ഒരു നിമിത്തമോ! കുടുംബപ്രാരബ്ധം മേലാൽ ലജ്ജാവതിക്ക അസഹനീയമായി തോന്നിയിരുന്നു. ഇതുട്ടെല്ലാം അസ്തമിച്ചു വെളിച്ചം തെളിഞ്ഞപോലെ തോന്നി, അവൾക്ക എന്തെന്നില്ലാത്ത ഒരു സന്തോഷം—അതെ, ഭൎത്തൃഗൃഹത്തിൽ വന്നതിന്നുശേഷം ആദ്യമായി ഒരു ആനന്ദം ഉണ്ടായി.

## ii

വിവാഹാനന്തരം ഒരു പുത്രി ഭൎത്തൃഗൃഹത്തിൽനിന്നും പിതൃഗേഹത്തിലേക്ക വരുന്നതുപോലെയുള്ള സന്തോഷം ഒരു ഹിന്ദുകുടുംബത്തിൽ മറെറാന്നുമില്ല. ഫുല്ലകുമാരി പിതൃഗൃഹം വിട്ടിട്ടു കൊല്ലം കുറെ ആയിട്ടുണ്ടു്; എന്നല്ല വലിയ ധനികന്റെ ഭാൎയ്യയും ഇതൊക്കെ അവരുടെ ആഗമനത്തിന്നു പ്രാധാന്യം കൂട്ടി.

ചൌധുരിയുടെ ഭവനം ആഹ്ലാദപരിപൂൎണ്ണമായി. സ്നുഷകളും ഭൃത്യകളും ഗൃഹകൃത്യങ്ങളിൽ മുഴുകിയിയിരിക്കുന്നു. ഗൃഹനായിക മേൽനോട്ടം നടത്തി വേണ്ട ഉപദേശം നല്കുന്നു. കുട്ടികളും

സന്തോഷത്തോടുകൂടി അങ്ങുമിങ്ങും ഓടിച്ചാടി ആൎത്തുകളിക്കുന്നു. ഈവിധം ബഹളത്തിനിടയിൽ പെട്ടെന്നു നിശ്ശബ്ദതയുണ്ടായതു് ആഗമനത്തെ സൂചിപ്പിച്ചു. മാതാവു പുത്രീസ്വീകരണത്തിനു പടിക്കൽ ഹാജരായി.

ലജ്ജാവതിയും അക്ഷമയായി ഭവിച്ചു. മുന്നണിയിൽ ചെന്നു നിന്നില്ലെങ്കിലും ഒരു വാതിൽ അല്പം തുറന്നു അതിൽകൂടി അവൾ ഉററുനോക്കിക്കൊണ്ടിരുന്നു.

കമനീയമായി അലങ്കരിച്ച ഒരു പല്ലക്കു പടിക്കൽ കണ്ടതോടുകൂടി അവളുടെ ഹൃദയത്തുടിപ്പു നിലച്ചു. മുമ്പും പിമ്പും ആയി നാലു വില്ലാക്കാരോടും ഇടത്തും വലത്തും ആഭരണാലങ്കാരഭൂഷിതയായ ഓരോ ദാസിയോടുംകൂടി ഫുല്ലകുമാരിയുടെ ശിബിക പടിക്കൽ എത്തി.

പല്ലക്കിനകത്തുള്ള ആളുടെ അവസ്ഥ എന്തായിരിക്കും!

ലജ്ജാവതിയുടെ സ്ഥിതി എത്രയോ ശോചനീയമെന്നു അവൾക്കുതന്നെ ബോദ്ധ്യമായി. ഫുല്ലകുമാരിയിൽനിന്നും ഒരു കാഞ്ചനഭിത്തിയാൽ അവൾ വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നും, ആ ഭിത്തിയാൽകൂടി സ്നേഹമഴുകയററുവാൻ പ്രയാസമെന്നും തന്നെ അവൾക്കു തോന്നി.

ശുഭ്രവസ്ത്രാലംകൃതയും, കനകാഭരണവിഭൂഷിതയും മന്ദസ്മിതവക്ത്രയും സൌഭാഗ്യവതിയും ആയ ഒരു സ്ത്രീരത്നം പല്ലക്കിൽനിന്നും ഇറങ്ങി. അതുവരെ വാതുക്കൽ ഒളിച്ചു നോക്കിനിന്നിരുന്ന ലജ്ജാവതിക്കു അസാധാരണസന്തോഷം ഉൽഭൂതമാകുകയും ഒരു പുതിയ ജീവിതം അവൾക്കുളവാകുമെന്നു തോന്നുകയുംചെയ്തു. അവൾ അടുക്കളയിലേക്കു മടങ്ങി. അവളുടെ കുട്ടിക്കളി വീണ്ടും ബാധിച്ചു. ഒരുപിടി അരിയെടുത്തു തന്റെ ഭൎത്തൃജ്യേഷ്ഠപത്നിയുടെ തലയിൽ വിതറി. അവർ അവളെ ശകാരിച്ചു സാകൂതം വിഘ്നം കൂടാതെ ചെയ്തുകൊണ്ടിരുന്നു. അവൾ പിന്നെയും ചിരിച്ചപ്പോൾ ഇതു അവളുടെ ഭൎത്തൃഗേഹമാണെന്നും ഇത്തരമെല്ലാം പിതൃഗൃഹത്തിലേ ഒക്കുകയുള്ളു എന്നും, ഇതിനുള്ള സ്ഥലമിതല്ലെന്നും, മററും അവർ ഉപദേശിച്ചു.

ലജ്ജാവതി വല്ലാതെയായി. എന്നിട്ടും അവൾ ചിരിച്ചു; പക്ഷെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. സാധു; ഒരിക്കൽകൂടി തന്റെ ബാല്യചേഷ്ടകൾ അവൾ കാട്ടി. ഒരിക്കൽകൂടി കണ്ണീർ ചൊരിഞ്ഞു.

ഫുല്ലകുമാരി മാതാവൊന്നിച്ചു മാളികമുകളിലേക്കു പോയി;

പ്രാതലിന്നു സമയമായപ്പോഴേ അവൾ താഴത്തിറങ്ങിയുള്ളു. സോദരപത്നികൾ വളരെ ആദരവോട്ടുകൂടി അവളെ ബഹുമാനിച്ചു.

തൻെറ ജ്യേഷ്ഠസോദരപത്നിയുമായി മുമ്പേ തൻെറ ഷുല്ലകുമാരിക്കു പരിചയമുണ്ടു്; അവർ തമ്മിൽ കുശലപ്രശ്നാദികൾ ചെയ്തു.

"ഇത്രയെല്ലാം എനിക്കുവേണ്ടി വട്ടംകൂട്ടുവാൻ ഞാൻ നിങ്ങളുടെ യജമാനപത്നിയോ മററാ ആണോ? എന്നു തമാശയായി പറഞ്ഞു.

"അങ്ങിനെതന്നെയാണു തോന്നുന്നതു്. അല്ലെങ്കിൽ ഇത്ര വളരെക്കാലം വരാതിരിക്കുമോ! ദയചെയ്തു ഉണ്ണുക; അതുതന്നെയാണു വലിയൊരു അനുഗ്രഹം" എന്നു പിന്നിൽനിന്നു പതുക്കെ ശബ്ദമുണ്ടായി.

ഷുല്ലകുമാരി പിന്തിരിഞ്ഞു നോക്കിയപ്പോൾ ആദ്യമായി അവളുടെ കനിഷ്ഠസോദരപത്നിയെ കണ്ടു.

"ഇവരേതാണു്?"

"എന്തു്! നീയറിയില്ലേ? ഇവൾ നിൻെറ ഇളയസഹോദരഭാൎയ്യയാണു്." എന്നു മാതാവു അറിയിച്ചു. പുത്രിയെ ഇത്രകാലവും സ്വഗൃഹത്തിലേക്കു പറഞ്ഞയയ്ക്കാതിരുന്ന ശ്വശുരൻെറ കഠിനമനഃസ്ഥിതിയെപ്പററി പഴിപറഞ്ഞു. "ഹേമൻെറ വിവാഹത്തിന്നുപോലും നിന്നെ പറഞ്ഞയച്ചില്ല; ഓ! ഷുൽ! ഇതെല്ലാം മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ ഞാനങ്ങോട്ടു നിന്നെ കല്യാണം കഴിച്ചുകൊടുക്കുകയില്ലായിരുന്നു."

എന്നാൽ ഷല്ലകുമാരി തൻെറ അമ്മയുടെ കോപവാക്കുകൾ വകവെച്ചില്ല; അവൾ ലജ്ജാവതിയാൽ ആകൎഷിക്കപ്പെട്ടു.

"ഞാൻ നിൻെറ മുഖം ഒന്നുകണ്ടോട്ടെ" എന്നുപറഞ്ഞു മുഖംമൂടിമാററി വദനവീക്ഷണം ചെയ്തിട്ടു്, "നീ ഒരു നല്ല പെൺകുട്ടിയാണു്; എൻെറ സഹോദരനു് ഇത്ര സൌഭാഗ്യവതിയായ ഒരു ഭാൎയ്യയെ ലഭിച്ചതിൽ ഞാനമിതമായി സന്തോഷിക്കുന്നു" എന്നു പറഞ്ഞു.

ലജ്ജാവതിയുടെ ഹൃദയത്തിൽകൂടി സന്തോഷരശ്മിപ്രവാഹം ഉണ്ടായി. അവൾ പെട്ടെന്നു മുഖംമറച്ചു് സ്വകൃത്യത്തിനായി മൂതിൎന്നു.

(തുടരും.)

# തപ്തഹൃദയം.

(തോമ്പിൽ ശങ്കുണ്ണിമേനോൻ.)

'നരനായിങ്ങനെജനിച്ചുഭൂമിയിൽ'— എന്നമട്ടു്.

വരണംവേഗമെൻമരണം മാത്രമേ
ശരണമെന്നായി ധരണിയിൽ.
വലിയമോഹത്താൽ പലതുംചിന്തിച്ചു
വലയുന്നോരെൻെറ മനമേ! നീ
വലയേണ്ടമേലിൽ ഫലമില്ല; നല്ല-
നിലയെല്ലാംതീരെവിലയററു
കരുണയില്ലാത്ത കരളുണ്ടുനിന്നെ
കരയില്ലാതെന്നും കരയിക്കാൻ.
മലർവാടിക്കൊരു മലർവീണുചീഞ്ഞു-
ചെലവായിപ്പോയാലഴലുണ്ടോ?
ഗഗനത്തിൽനിന്നു ചെറുതാരം വീണാൽ
വിഗണിക്കയുള്ളു വിബുധന്മാർ.
ശിലയേററുഫേനശകലത്തിൻനില
വിലയംവന്നാലും വിലയുണ്ടോ?
വിടനോതും ചാടുവചനംമാനസ-
വിടവെല്ലാംതീർപ്പാനിടയായി.
പ്രണയത്തിൻവിലയറിയാഞ്ഞമൂലം
പണയംവെച്ചതും വെറുതെയായ്.
തരുണമാകുമെൻതനുവിൻ സൌന്ദര്യം
വരനുനൽകിഞാൻ വലയാറായ്.
മധുവുണ്ടുപോകും മധുപങ്ങൾക്കുണ്ടോ
വിധുരയാംപൂവിൽ കനിവല്പം.
തലചാച്ചുനിൽക്കും ജലജത്തെത്തെല്ലും
വിലവെയ്ക്കയുണ്ടോ പകലവൻ.
കരയുവാൻകണ്ണീർകണമില്ലെൻകണ്ണിൽ
കരളേററംകത്തിക്കരിയുന്നു.
വരണംവേഗമെൻ മരണംമാത്രമെ
ശരണമെന്നായി ധരണിയിൽ.
വിരിയുംതാരുകൾ തിരയേണമെൻെറ
ചരിതമെന്നൊന്നേ കൊതിയുള്ളു.